# രാജാക്കന്മാരുടെ പൊയ്മുഖം

രണ്ട് ജുമുഅ മുമ്പ് ഭരണാധികാരികളുടെ തെറ്റായ ഭരണരീതി കാരണം പൊതുജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ നൽകുന്നില്ല എന്നതിനെക്കുറിച്ചും പൊതുജനങ്ങളുടെ പ്രതികരണങ്ങൾ എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ചും വിശുദ്ധ ഖുർആന്റെയും തിരു ഹദീസുകളുടെയും വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങളുടെയും വെളിച്ചത്തിൽ വിശദീകരിച്ചിരുന്നു. ഈ അവസ്ഥയിൽ ഒരു യഥാർത്ഥ വിശ്വാസിക്ക് ഭരണാധികാരികളോട് ഏതുരീതിയിലുള്ള നിലപാട് സ്വീകരിക്കണം എന്നും പറഞ്ഞിരുന്നു. ഇക്കാലത്ത് പൊതുവിൽ അറബ് നാടുകളിൽ പൊതുജനങ്ങൾ അവരുടെ ഭരണാധികാരികളോട് ശക്തമായി പ്രതിഷേധിച്ചുകൊണ്ടിരിക്കുകയാണ്. ഭരണാധികളോട് എങ്ങനെ അവകാശങ്ങൾ നേടിയെടുക്കാം എന്നും അവരെ എങ്ങനെ സ്ഥാനഭ്രഷ്ടരാക്കാമെന്നും അവിടങ്ങളിൽ സജീവ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനാൽ അറബുനാടുകളിൽ വസിക്കുന്ന അഹ്മദികൾ ഈ വിഷയത്തിൽ വലിയ താൽപര്യം കാണിക്കുന്നു. ഈ താൽപര്യം പരിഗണിച്ചുകൊണ്ട് നമ്മുടെ അറബിക് ചാനലായ എം.ടി.എ മൂന്നിൽ എല്ലാ മാസത്തെയും ആദ്യ വ്യാഴാഴ്ച മുതൽ ഞായറാഴ്ച വരെ നടക്കുന്ന ഹവാരുൽ മുബാശിറയിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഈ പ്രോഗ്രാം നേരിട്ട് അറബ്നാടുകളിലെ രാഷ്ട്രീയ പ്രശ്നങ്ങൾ പരാമർശിക്കുന്നതായിരുന്നില്ല. എന്നിരുന്നാലും മുസ്ലിംങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെ പരാമർശവിധേയമാക്കിയതായിരുന്നു. ഈ പരിപാടി നടത്തുന്ന ശരീഫ് ഔദേ സാഹിബ് ഈ പ്രോഗ്രാമിനെക്കുറിച്ച് എന്നോട് പറയുകയും ചെയ്തിരുന്നു. അദ്ദേഹം പിന്നീട് എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥമായ അൽഹുദാ എന്നതിലെ ചില പേജുകൾ അടയാളപ്പെടുത്തി അയച്ചുതരികയും ചെയ്തു. ഈ പേജുകളിൽ പറയപ്പെട്ടകാര്യങ്ങൾ ഇപ്പോൾ ഫസാദ് നടക്കുന്ന രാജാക്കന്മാരുടെ അവസ്ഥയുമായി യോജിച്ച് വരുന്നുണ്ടെന്ന് അദ്ദേഹം പറയുകയും ചെയ്തു. ഇതിൽ പറയപ്പെട്ട കാര്യങ്ങൾ രാജാക്കന്മാരിലും പൊതുജനങ്ങളിലും പണ്ഡിതന്മാരിലും യോജിച്ചുവരുന്നുണ്ട്. ഉലമാക്കളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടർന്നെഴുതുന്നുണ്ട്. എം.ടി.എ.ക്കാർ തങ്ങളുടെ പ്രോഗ്രാമിൽ ഇതുസംബന്ധമായി വിശദമായി സംസാരിച്ചിരിക്കാമെന്ന് കരുതുന്നു.

ഇതുസംബന്ധമായി ചില കാര്യങ്ങൾ പറയാനാണ് ഞാനും ആഗ്രഹിക്കുന്നത്. ജനങ്ങൾ ഗവൺമെന്റിനെതിരിൽ രോഷാകുലരായി രംഗത്തിറങ്ങിയ ചില നാടുകളിലെ ചിത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ഗ്രന്ഥത്തിൽ വരച്ചുകാട്ടിയിട്ടുള്ളത്. മറിച്ച് നൂറ് വർഷം മുമ്പ് മുസ്ലിം ഭരണാധികാരികളുടെയും പൊതുജനങ്ങളുടെയും പണ്ഡിതരുടെയും ഏതൊരവസ്ഥയാണോ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചത് അത് സത്യമാണെന്ന് ഇന്നുള്ള മുസ്ലിം രാഷ്ട്രങ്ങളെല്ലാം സാക്ഷ്യം പറയുക കൂടി ചെയ്യുന്നുണ്ട്. നാം ഇക്കാര്യത്തിൽ ഗഹനമായ പഠനം നടത്തുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്തുള്ള രാജാക്കന്മാരുടെ അവസ്ഥ മാത്രമല്ലിത്, അദ്ദേഹത്തിന്റെ വഫാത്തിനുശേഷം രൂപം കൊണ്ട പുതിയ ഇസ്ലാമിക ഭരണകൂടങ്ങളുടെ നേതാക്കന്മാരുടെയും നാമധാരികളായ മുല്ലാവർഗ്ഗത്തിന്റെയും പൊതുജനങ്ങളുടെയും അവസ്ഥ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥത്തിൽ വിവരിച്ച അതേ അവസ്ഥയാണെന്ന് കാണാം. ഹ: മസീഹ് മൗഊദ് (അ) പ്രസ്തുത ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന ഭയാനകവും ലജ്ജാകരവുമായ അവസ്ഥയുടെ പരിഹാരമെന്താണെന്നും അദ്ദേഹം വിവരിക്കുന്നുണ്ട്. വരേണ്ട മസീഹ് വന്നിരിക്കുന്നു. ആയിരക്കണക്കിന് അടയാളങ്ങളും ആകാശിയമായ സഹായങ്ങളും അദ്ദേഹം വന്നു എന്നതിന് സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തെ അംഗീകരിക്കുന്നതിലും നബി (സ) യുടെ പ്രവചനം പുലർന്നു എന്ന് അംഗീകരിക്കുന്നതിലുമാണ് മുസ്ലിംകൾക്ക് രക്ഷയുള്ളൂ. ഇതല്ലാതെ രക്ഷക്കുള്ള മറ്റൊരു വഴിയുമില്ല. എന്നാൽ ആ മഹാത്മാവിന്റെ വാക്കുകളെ അംഗീകരിക്കുന്നതിനുപകരം അദ്ദേഹത്തിന്നെതിരിൽ എതിർപ്പുകളുടെ ശക്തമായ കൊടുങ്കാറ്റാണ് ഉയർന്നത്.

ആ മഹാത്മാവിന്റെ വാദത്തിനുശേഷം ഒരു ശുഭസൂചനയുള്ളത് അഹ്മദിയ്യത്തിന്റെ എതിരാളികളായ മറ്റു മുസ്ലിംകൾ ഇസ്ലാമിന്റെ പ്രചാരണ പ്രവർത്തനത്തിനായി പരിശ്രമിക്കുകയുണ്ടായി എന്നാണ്. ഇവരുടെ ഈ പ്രവർത്തനത്തിന്റെ കാണാപുറങ്ങൾ എന്തെല്ലാമാണെന്നോ ഇസ്ലാമിനോട് ഇവർക്ക് എന്തുമാത്രം വേദനയുണ്ടെന്നോ ഉള്ള കാര്യത്തിലേക്ക് ഞാൻ പ്രവേശിക്കുന്നില്ല. അക്കാര്യം അല്ലാഹുവിന്നാണ് കൂടുതൽ അറിയുക. ചുരുക്കത്തിൽ ചില സംഘടനകൾ ഇസ്ലാമിന്റെ സന്ദേശം എത്തിക്കാനുള്ള ശ്രമം നടത്തി എന്നത് ശരിയാണ്. അവർക്ക് നേരിട്ട് ദൈവികമാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാത്തതുകാരണം അവരിൽ കടന്നുകൂടിയ പല ബിദ്അത്തുകളുടെയും അവരുടേതായ കാഴ്ചപ്പാടുകളുടെയും പ്രചാരണമാണ് അവരെല്ലാം പൊതുവിൽ ചെയ്തത്. ഇസ്ലാമിന്റെ അടിസ്ഥാന ആശയങ്ങളെ അവർ മറന്നുകളഞ്ഞു.

നീതിമാനായ വിധികർത്താവായിട്ട് അല്ലാഹു ഒരാളെയാണ് അയക്കേണ്ടിയിരുന്നത്. അദ്ദേഹമാണ് തെറ്റും ശരിയും യാഥാർത്ഥവും കെട്ടുകഥകളും എല്ലാം വേർതിരിച്ച് കാണിക്കേണ്ടത്. ആ നീതിമാനായ വിധികർത്താവില്ലാതെ തെറ്റായ വിശ്വാസികൾതന്നെയാണ് ഉണ്ടാവേണ്ടിയിരുന്നത്. ഏതായിരുന്നാലും മുസ്ലിംകൾക്കിടയിൽ ഒരു ഇളക്കം തട്ടി എന്നത് ശരിയാണ്. ഒരു വിഭാഗത്തിന് മതത്തിൽ പ്രത്യേക താൽപര്യം ജനിക്കുകയുണ്ടായി. ജനങ്ങളിലുള്ള അസ്വസ്ഥതയെ അകറ്റുന്നതിനായിരുന്നു ഈ താൽപര്യം ജനിച്ചിരുന്നത്. ഈ താൽപര്യം ജനിക്കാനുള്ള കാരണവും അല്ലാഹുവിന്റെ ഇക്കാലത്തെ തഖ്ദീറാണ്. ഇതുമുഖേന അവർ അല്ലാഹു അയച്ച വരിഷ്ഠദാസനെ അന്വേഷിച്ച് കണ്ടെത്തുന്നവരാകേണ്ടതാണ്. അല്ലാഹുവിന്റെ ഫള്ൽ ലഭിച്ചവർ ഈ അന്വേഷണത്തിൽ വിജയിക്കുന്നു. മറ്റു ചിലർ തെറ്റായ കൈകളിൽ കുടുങ്ങിയതിന്റെ കാരണത്താൽ ഈ അന്വേഷണത്തിൽതന്നെ ഈ ലോകത്തോട് വിടപറയേണ്ടിവരുന്നു. ബൈഅത്ത് ചെയ്തവരുടെ അനുഭവങ്ങൾ വിവരിച്ചുകൊണ്ടുള്ള കത്തുകൾ എനിക്ക് ലഭിക്കുമ്പോൾ സാത്വികരായ ആത്മാക്കൾ സത്യത്തെ ലഭിക്കാൻ എന്തുമാത്രം അസ്വസ്ഥരായിരുന്നു എന്ന് മനസ്സിലാകുന്നു. അല്ലാഹു അവർക്ക് ഏതുരീതിയിൽ വഴികാട്ടി എന്നും മനസ്സിലാകുന്നു. ഈ വഴികാട്ടലിനെ ചിലർ യാദൃശ്ചികം എന്ന് പറയാറുണ്ട്. ഇതെല്ലാം തന്നെ താൻ ഇച്ഛിക്കുന്നവർക്ക് അവൻ ഹിദായത്ത് നൽകുന്നു എന്ന അല്ലാഹുവിന്റെ പ്രഖ്യാപനത്തെ അന്വർത്ഥമാക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള പല സംഭവങ്ങളുമുണ്ട്. അത് ഞാൻ മറ്റൊരിക്കൽ വിവരിക്കുന്നതാണ്. കഴിഞ്ഞ ഖുത്വുബയിൽ ഞാൻ സഹാബാക്കളുടെ അവസ്ഥ വിവരിച്ചിരുന്നു. ഇതെല്ലാം കേൾപ്പിക്കുന്നത് മുമ്പ് വഴി കാണിച്ചിരുന്ന അല്ലാഹു ഇന്നും വഴി കാണിക്കുന്നു എന്ന് ജനങ്ങൾ

അറിയുന്നതിനുവേണ്ടിയാണ്.

അഹ്മദിയ്യത്തിന്റെ വിജയവും തബ്ലീഗ് പ്രവർത്തനങ്ങളും കാരണം ഇസ്ലാമിന്റെ മനോഹര സന്ദേശത്തെ ലോകത്ത് പ്രചരിക്കുന്നത് കണ്ടിട്ട് സാത്വികരായ വ്യക്തികൾ അഹ്മദിയ്യത്തിലേക്ക് നിത്യവും പ്രവേശിക്കുന്നു. ഇതു കാരണം ചില മുസ്ലിം ഭരണകൂടങ്ങൾ മുല്ലാക്കൾക്ക് സാമ്പത്തിക സഹായം നൽകി മറ്റു രാജ്യങ്ങളിലേക്ക് അയക്കുന്നു. ആഫ്രിക്കൻ നാടുകളിൽ മദ്രസ്സ തുറന്നുകൊണ്ടിരിക്കുന്നു. ഇസ്ലാമിക് യൂണിവേഴ്സിറ്റിയുടെ പേരിൽ സ്ഥാപനങ്ങൾ നിർമ്മിക്കുന്നു. ഭരണകൂടങ്ങളുടെ പണം കുറച്ചൊക്കെ ഇതിന്നായി ചെലവിടുന്നു. ഈ അവികസിത രാജ്യങ്ങളിലെ അല്ലെങ്കിൽ വികസ്വര രാജ്യങ്ങളിലെ ഭരണകൂടങ്ങൾ അവർക്ക് അതിനായി സഹായം നൽകുന്നുണ്ട്. കാരണം പുറമേ നിന്ന് സമ്പത്ത് വരുമ്പോൾ അവരുടെ സാമ്പത്തിക നില ഇതുമുഖേന മെച്ചപ്പെടുമെന്ന് അവർ കരുതുന്നു. എന്നാൽ ഇസ്ലാമിന്റെ തബ്ലീഗിനു വേണ്ടി ഈ നാമധാരികളായ മുല്ലാക്കൾ തബ്ലീഗ് കേന്ദ്രങ്ങൾ തുറക്കുന്നുണ്ടെങ്കിലും അവർ ഇസ്ലാമിന്റെ പ്രചാരണത്തിനും മുസ്ലിംകളുടെ ശിക്ഷണത്തിനുംവേണ്ടി വളരെ കുറഞ്ഞ പരിശ്രമമെ ചെയ്തിട്ടുള്ളൂ. കൂടുതലും അവർ പ്രവർത്തിക്കുന്നത് അഹ്മദിയ്യാ ജമാഅത്തിന്നെതിരിലാണ്. പൊതുവിൽ അവർ ഇതിൽ പരാജയപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഏതായാലും ഇതിന്റെ പേരിൽ ചില നാടുകളിൽ അവിടത്തെ പാവങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെട്ടിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) മുഖേന ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം ജനങ്ങൾക്ക് പ്രകടമാകുമ്പോൾ, ഈ സന്ദേശം അവർ മനസ്സിലാകുമ്പോൾ ദീനിനെക്കുറിച്ച് അൽപ്പമെങ്കിലും വേദനയുള്ള ഓരോരുത്തരും ഈ സന്ദേശത്തിന് പ്രാധാന്യം നൽകുന്നു. ഇതിന് ഏതുതരം ത്യാഗം ചെയ്യാനും തയ്യാറാകുന്നു. അല്ലാഹുവിൽനിന്നും വരുന്ന പ്രകാശത്തെ നേരിടാൻ ദാസർക്ക് കഴിയില്ല. മനുഷ്യപ്രയത്നങ്ങൾക്ക് അതിനെതിരിൽ നിൽക്കാൻ സാധ്യമല്ല. ഇസ്ലാമിന്റെ പേരിൽ എത്ര വലിയ സമ്പന്ന ഭരണകൂടങ്ങളും അഹ്മദിയ്യത്തിൽ നിന്ന് ജനങ്ങളെ പിൻതിരിപ്പിക്കാൻ ശ്രമിച്ചാലും ബുദ്ധിമാന്മാരായ ഓരോ മനുഷ്യന്നും സത്യവും അസത്യവും തിരിച്ചറിയാൻ കഴിയുന്നതാണ്. ഭൗതിക പ്രയത്നങ്ങൾ അല്ലാഹുവിന്റെ പേരിൽ ചെയ്താലും ദൈവത്തിന്റെ ഇംഗിതത്തിന് വിരുദ്ധമാണെങ്കിൽ അതിൽ ഒരിക്കലും ബർക്കത്ത് ഉണ്ടാവുകയില്ല. ബർക്കത്തുണ്ടാകുന്നതും സദ്ഫലം പ്രകടമാകുന്നതും എല്ലാം അല്ലാഹുവിന്റെ സഹായം ഒപ്പമുള്ള പ്രവർത്തനങ്ങളിലാണ്. നമ്മുടെ മുബല്ലിഗ്മാരും നമ്മുടെ മുഅല്ലിമുമാരും അതുപോലെ ദൈവിക സഹായങ്ങൾ ഓരോനിമിഷവും ദൃശ്യമായിക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന അഹ്മദികളും ഈ അടയാളങ്ങൾ കണ്ട് തങ്ങളുടെ വിശ്വാസത്തിന് വർദ്ധനവ് വരുത്തുന്നു. സൂര്യൻ ഉദിക്കുന്ന ഓരോ പകലും അല്ലാഹുവിന്റെ സഹായത്തിന്റെ കാഴ്ചകൾ അവരുടെ വിശ്വാസത്തിന് മാറ്റുകൂട്ടിക്കൊണ്ടിരിക്കുന്നു.

ഹ: മസീഹ് മൗഊദ് (عليه السلام) തന്റെ സത്യതക്കുള്ള സാക്ഷ്യമെന്ന നിലക്ക് അല്ലാഹുവിന്റെ പ്രത്യേക അടയാളങ്ങളെക്കുറിച്ച് വിവരിക്കുകയുണ്ടായി. അത് ഇന്നും പുലർന്നുകൊണ്ടിരിക്കുന്നു. ബറാഹീനെ അഹ്മദിയ്യായിൽ പറഞ്ഞ പ്രവചനങ്ങളെ പരാമർശിച്ചുകൊണ്ട് പറയുന്നു. ഈ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ അല്ലാഹു എനിക്ക് ഒരു ദുആ ഇൽഹാം മുഖേന പഠിപ്പിക്കുന്നു. رَبِّ لَا تَذَرْنِي فَرْدًا وَأَنْتَ خَيْرُ الْوَارِثِيْنَ എന്നെ ഒറ്റക്കുവിടാതെ ഒരു ജമാഅത്താക്കി മാറ്റേണമേ. മറ്റൊരു സ്ഥലത്ത് പറയുന്നു. يَأْتِيْكَ مِنْ كُلِّ فَجٍّ عَمِيْقٍ എല്ലാ ഭാഗത്തു നിന്നും അതിഥികൾക്കാവശ്യമായ വസ്തുക്കൾ അല്ലാഹു നൽകുന്നതാണ്. അവർ എല്ലാ മാർഗങ്ങളിലൂടെയും നിന്റെ അടുത്തേക്ക് വരുന്നതാണ്. ഓർക്കുക, ഈ പ്രവചനങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന അക്കാലത്ത്, ഇത് ജനങ്ങളോട് പറഞ്ഞിരുന്ന സമയത്ത് ആരെങ്കിലും ഇവിടെ വരാറുണ്ടോ? അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു. എന്നെ ആരും അറിയുക പോലും ഉണ്ടായിരുന്നില്ല. വർഷത്തിൽ ഒരു കത്തോ ഒരു അതിഥിയോ വരാറില്ലായിരുന്നു.

ഈ അംഗവർദ്ധനവും മുഖ്ലീസിങ്ങളുടെ വരവും ബൈഅത്തിൽ പ്രവേശിക്കലും എല്ലാം നിത്യവും പുലർന്നുകൊണ്ടിരിക്കുന്നതാണ്. വിവിധതരം എതിർപ്പുകൾ ശക്തമായിട്ടും ഭൗതിക അത്യാർത്ഥി ദീനിൽനിന്നും അകറ്റിയ ചില മുർത്തദ്ദീങ്ങളുടെ സകല പരിശ്രമങ്ങൾ ഉണ്ടായിട്ടും അല്ലാഹുവിന്റെ ഈ സഹായത്തെ എനിക്ക് ലഭിക്കുന്ന നിത്യവുമുള്ള കത്തുകളിൽ ഞാൻ വായിക്കുന്നു. ഇടതടവില്ലാതെ ഡസൻ കണക്കിലും നൂറുകണക്കിലും ചിലപ്പോൾ ആയിരക്കണക്കിലും ബൈഅത്തുകളുടെ സന്തോഷവാർത്തകൾ അതിൽ ഉണ്ടാകും. ബൈഅത്ത് ഫോറം വരുന്നു. ചിലതിൽ ഈമാൻ വർദ്ധിക്കുന്നതരത്തിലുള്ള അനുഭവങ്ങൾ ഉണ്ടാകും. നവാഗതരുടെ ഹൃദയത്തിലുണ്ടായിട്ടുള്ള ഈ അവസ്ഥ അല്ലാഹുവിനല്ലാതെ മറ്റാർക്കും ഉണ്ടാക്കാനും സാധ്യമല്ല. യൂറോപ്പിലും അമേരിക്കയിലും ചിലർ എന്നെ കാണുന്നു. അവർ എങ്ങനെയാണ് അഹ്മദി ആയത് എന്ന് ചോദിച്ചാൽ അവർ പറയുന്നത് ഇപ്രകാരമാണ്. ഒരു അനഹ്മദി മുസ്ലിമുമായി ബന്ധപ്പെട്ടു. അല്ലെങ്കിൽ ഇസ്ലാമിലേക്ക് പ്രത്യേകമായ ഒരാകർഷണമുണ്ടായി. അങ്ങനെ അനഹ്മദീ മുസ്ലിംകളുമായി ബന്ധപ്പെട്ടു. ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. എന്നാൽ മനസ്സിന് ദൃഢതയും സ്വസ്ഥതയും കൈവന്നില്ല. പിന്നീട് അല്ലാഹുവിന്റെ ഫള്ൽ ഉണ്ടായി. അഹ്മദിയ്യത്തിനെക്കുറിച്ച് അറിയാൻ കഴിഞ്ഞു. അപ്പോൾ ഈ യഥാർത്ഥ ഇസ്ലാമിനെ സ്വീകരിക്കുകയല്ലാതെ മറ്റൊരു പഴുതും ഉണ്ടായിരുന്നില്ല. അങ്ങിനെ ഇതിന്റെ തണലിൽ വരികയുണ്ടായി. അങ്ങനെ ഹൃദയത്തിന് ശാന്തി കൈവന്നു.

ഇതേപോലെ മുസ്ലിംകളിൽ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് പേർ തങ്ങളുടെ സദ്പ്രകൃതികാരണം സത്യത്തെ അന്വേഷിക്കുന്നു. അവർക്ക് സത്യം വെളിപ്പെടുന്നു. അവർ ഉടനെ അഹ്മദിയ്യത്ത് സ്വീകരിക്കുന്നു. മുസ്ലിംകളിൽ നിന്ന് അഹ്മദിയ്യത്ത് സ്വീകരിക്കുന്നവർക്ക് അവരുടെ ചുറ്റുപാടിൽ നിന്നും കുടുംബത്തിൽ നിന്നും വലിയ പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു. ഭീകരമായ അവസ്ഥ ചില സമയങ്ങളിൽ സംജാതമാകുന്നു. എന്നാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ എപ്പോഴും സ്ഥിരചിത്തത കൈവരിക്കുന്നു. സ്ഥിരചിത്തതക്കായി പ്രാർത്ഥിക്കാൻ എഴുതിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ ഈ സ്ഥിരചിത്തത പ്രകടിപ്പിക്കാനുള്ള കാരണം സത്യം മനസ്സിലാക്കിക്കഴിഞ്ഞാൽ അതിൽ നിന്നും മുഖം തിരിക്കുന്നതുകൊണ്ട് പാപികളായിമാറും എന്ന ഭയംകൊണ്ടാണ്. അവരുടെ പണ്ഡിതന്മാരെ കണ്ടാൽ അവരുടെ വാക്കിലും പ്രവർത്തിയിലും വൈരുദ്ധ്യമുണ്ടെന്ന് അവർ മനസ്സിലാക്കുന്നു. അന്യമതസ്ഥരുടെ ആക്ഷേപങ്ങൽക്ക് മറുപടി പറയാനുള്ളത്ര അറിവ് അവർക്കില്ലെന്ന് ഇവർ മനസ്സിലാക്കുന്നു. ഇസ്ലാമിനെ പ്രതിരോധിക്കുന്നതിരിക്കട്ടെ, ചിലപ്പോൾ അവരുടെ സ്തുതിപാടകന്മാരായിത്തീരുന്നു. അതല്ലെങ്കിൽ പറയാറുള്ളത് അവരോട് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ്. ഇവരോട് സംസാരിക്കുന്നത് അനിസ്ലാമികമാണ് എന്നും പറയുന്നു.

ക്രിസ്തീയ പാതിരിമാരുടെ ആക്ഷേപങ്ങൾക്ക് വ്യക്തവും ശക്തവുമായ രീതിയിൽ വായ അടപ്പിക്കുന്ന തരത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഉലമാക്കൾ നൽകുന്നതുപോലെ മറുപടി മറ്റാർക്കും നൽകാൻ കഴിയില്ലെന്ന് അറബ്നാടുകളിൽ വസിക്കുന്ന എം.ടി.എ ചാനലുമായി ബന്ധപ്പെടുന്ന അഹ്മദികളുമായവർക്ക് അറിയാവുന്നതാണ്. അവരുടെ ഉലമാക്കൾ ഇതിന്റെ ഏഴയലത്തുപോലും എത്തില്ല എന്നും അവർക്കറിയാം. ഞങ്ങൽ ഇസ്ലാമിന്നെതിരിലുള്ള ആക്ഷേപങ്ങൾ കേട്ട്

അസ്വസ്ഥരായിരുന്നു എന്നും ഈ അസ്വസ്ഥത അകറ്റുന്നതിനായി അല്ലാഹുവിന്റെ സഹായം തേടിയിരുന്നു എന്നും ഇസ്‌ലാമിന്റെ മഹത്വവും പ്രഭാവവും കാണിക്കേണമേ എന്ന് ദുആ ചെയ്തിരുന്നു എന്നും എഴുതിയ പല കത്തുകളും എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്നു.ഞങ്ങളുടെ ദുആ അല്ലാഹു സ്വീകരിച്ചുകൊണ്ട് യാദൃശ്ചികമായി ഞങ്ങൾക്ക് അല്ലാഹു എം.ടി.എ കാണിച്ചുതരികയുണ്ടായി എന്നും ഇസ്‌ലാമിന്നെതിരിൽ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് അഹ്മദി ഉലമാക്കൾ വ്യക്തമായ തെളിവുകൾ മുഖേന മറുപടി നൽകിക്കൊണ്ട് അവരെ വായ അടപ്പിച്ചതുകണ്ട് ഞങ്ങളുടെ തല ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞു എന്നും അവർ എഴുതുന്നു. ഞങ്ങൾക്ക് ഇത്കണ്ട് സംതൃപ്തി കൈവരികയുണ്ടായി. ഇങ്ങനെയുള്ള സംഭവങ്ങൾ ഞാൻ പിന്നീടൊരിക്കൽ വിവരിക്കുന്നതാണ്. ഇപ്പോൾ **അൽഹുദാ** എന്ന പുസ്തകത്തിൽ രാജാക്കന്മാരെയും മറ്റുള്ളവരെയും സംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞ കാര്യങ്ങൾ, അതിൽ വിവരിച്ച അവരുടെ അവസ്ഥ എന്നിവയിൽ നിന്ന് ഒരു ഭാഗം കേൾപ്പിക്കുന്നതാണ്.

അക്കാലത്തുള്ള മുസ്‌ലിംകളുടെ അവസ്ഥ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. '' മുസ്‌ലിംങ്ങളിൽ കുഴപ്പം വർദ്ധിച്ചിരിക്കുന്നു. സാത്വികരായവർ ചെമന്ന ഗന്ധകം പോലെയായിരിക്കുന്നു (നന്മ അശേഷം അവരിൽ അവശേഷിക്കുന്നില്ല) അവരിൽ ഇസ്‌ലാമിക ധാർമ്മിക ഗുണങ്ങളോ ഭക്തരുടെ സഹാനുഭൂതിയോ ഇല്ല. മോശമായി പെരുമാറുന്നതിൽ ആരിൽനിന്നും അവർ വിട്ടുനിൽക്കുന്നില്ല; അടുത്ത സുഹൃത്താണെങ്കിലും ശരി. തിളക്കുന്ന വെള്ളമാണ് അവർ ജനങ്ങളെ കുടിപ്പിക്കുന്നത്; (പ്രയാസം മാത്രമെ നൽകുന്നുള്ളൂ) ഉറ്റ സുഹൃത്താണെങ്കിലും ശരി. പത്തിലൊന്ന്പോലും പകരമായി അവർ നൽകുന്നില്ല; സഹോദരനാണെങ്കിലും പിതാവാണെങ്കിലും ഉറ്റ കുടുംബക്കാരാണെങ്കിൽ പോലും. തന്റെ സുഹൃത്തിനോടൊ ഉറ്റ സഹോദരനോടുപോലും യഥാർത്ഥ സ്നേഹം കാണിക്കുന്നില്ല. സഹാനുഭൂതിയെ പുച്ഛമായി കാണുന്നു. നന്മ ചെയ്യുന്നവരോട് നന്മ പ്രവർത്തിക്കുന്നില്ല. എത്രതന്നെ പരിചയമുള്ളവരാണെങ്കിൽപോലും അവരോട് കരുണ കാണിക്കുന്നില്ല. തന്റെ കൂട്ടുകാർക്ക് പോലും തങ്ങളുടെ വസ്തുക്കൾ നൽകുന്നതിൽ പിശുക്ക് കാണിക്കുന്നു. ഇന്നുള്ളവരിലേക്കൊന്ന് കണ്ണോടിപ്പിച്ചുനോക്കുകയാണെങ്കിൽ ഈ സമൂഹത്തിലെ ഓരോ സംഘവും ദുർനടപ്പുകാരുടെയും വിശ്വാസവഞ്ചകരുടെയും ലജ്ജയില്ലാത്തവരുടെയും വസ്ത്രം അണിഞ്ഞിരിക്കുന്നതായി നിനക്ക് കാണാം.''

''ഇതൊടൊപ്പം ദേഹേച്ഛകളെ പിൻപറ്റുന്ന ഇക്കാലത്തെ രാജാക്കന്മാരുടെയും മറ്റുള്ളവരുടെയും അവസ്ഥകൂടി നാം ഇവിടെ എഴുതുകയാണ്.'' രാജാക്കന്മാരുടെ അവസ്ഥ വിവരിച്ചുകൊണ്ടെഴുതുന്നു. ''അല്ലാഹു നിന്നോട് കരുണ ചൊരിയുമാറാകട്ടെ. ഈ ദീനിന്റെ ഉന്നതരും ഈ മതത്തിന്റെ ശരീഅത്തിന്റെ സംരക്ഷകരുമായ രാജാക്കന്മാരിലും നേതാക്കന്മാരിലും അധികം പേരും തങ്ങളുടെ സർവ്വവിധ കഴിവുകളും ഉപയോഗിച്ചുകൊണ്ട് ഭൗതികസുഖാഡംബരങ്ങളിൽ മുഴുകിയിരിക്കുകയാണ്. മദ്യവും വാദ്യമേളങ്ങളും ദേഹേച്ഛകളുമല്ലാതെ അവർക്ക് മറ്റൊരു ജോലിയുംതന്നെയില്ല. ഈ നശ്വരമായ അനുഭൂതികൾ ആസ്വദിക്കുന്നതിന് ഖജനാവുകൾ തന്നെ അവർ ദൂർത്തടിച്ച് ചെലവഴിക്കുന്നു. അവർ നദികളുടെ ഓരത്തും ഒഴുകുന്ന വെള്ളത്തിലും ഉയർന്ന മരങ്ങളിലും ഫലങ്ങൾ കാഴ്ക്കുന്ന വൃക്ഷങ്ങളിലും വിരിഞ്ഞ പൂക്കളുടെ അടുത്തും മേത്തരം പരവദാനികളിൽ ഇരുന്നും അവർ മദ്യപിക്കുന്നു. എന്നാൽ പൊതുജനങ്ങളിലും ഈ സമുദായത്തിലും എന്തെല്ലാം വിപത്തുകളാണ് വന്നിറങ്ങിക്കൊണ്ടിരിക്കുന്നതെന്ന് അറിയുക പോലും ചെയ്യുന്നില്ല. രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചോ ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചോ ഇവർക്കൊരറിവും ഇല്ല. കാര്യങ്ങൾ നിയന്ത്രിക്കേണ്ടതെങ്ങനെയെന്നോ, ബുദ്ധിയോ വിവേകമോ അവർക്ക് നൽകിയിട്ടില്ല. അവർ അല്ലാഹു നിരോധിച്ച കാര്യങ്ങളിലേക്ക് ഓടി അടുക്കുന്നു. അതിൽനിന്നും വിട്ടു നിൽക്കുന്നില്ല. ഭരണകൂടത്തിന്റെ നിർബന്ധ കടമകൾ അവർ നിറവേറ്റുന്നില്ല. ഭയഭക്തിയുള്ളവരായിത്തീരുന്നില്ല. ഇതുകാരണമാണ് പരാജയത്തിനുമേൽ പരാജയം അവർ ദർശിക്കുന്നത്. നിത്യവും അധഃപതനത്തിലും അധോഗതിയിലുമാണവർ ഉള്ളത്. കാരണം ആകാശത്തെ നാഥനെ അവർ പ്രകോപിപ്പിച്ചിരിക്കുകയാണ്. അവരിൽ അർപ്പിതമാക്കപ്പെട്ട ഒരു കടമയും തന്നെ അവർ നിർവ്വഹിക്കുകയും ചെയ്തില്ല. അവർ ഭൂമിയിലേക്ക് പൂർണ്ണമായും ചായ്ഞ്ഞിരിക്കുന്നു. അവർക്ക് തഖ്‌വയുടെ പൂർണ്ണ അംശം കരഗതമായില്ല. അതുകാരണം അവർക്കെതിരിൽ വരുന്ന ഓരോരുത്തരുമായി അവർ പരാജയപ്പെടുന്നു. വമ്പൻ സൈന്യം ഉണ്ടായിട്ടും ശക്തമായ പ്രതാപം ഉണ്ടായിട്ടും അവർ തോറ്റോടുന്നു. ആകാശത്തുനിന്ന് അവരിൽ വർഷിക്കപ്പെടുന്ന ശാപത്തിന്റെ ലക്ഷണങ്ങളാണിവ. കാരണം അവർ ദേഹേച്ഛയെ അല്ലാഹുവിനെക്കാൾ മുൻഗണന നൽകി. തുച്ഛമായ ഈ ലൗകിക വിഭവങ്ങളെ അല്ലാഹുവിനെ ഉപേക്ഷിച്ച് അവർ സ്വീകരിച്ചിരിക്കുന്നു. നശ്വരമായ ഈ ഭൗതിക കളിതമാശകളിലും ആനന്ദത്തിലും അവർ അത്യാർത്ഥി ഉള്ളവരായിത്തീർന്നു. ഇതോടൊപ്പം ആത്മപ്രശംസയുടെയും അഹങ്കാരത്തിന്റെയും പ്രകടനാത്മകതയുടെയും അവിശുദ്ധിയിൽ അവർ ബന്ധനസ്ഥരാണ്. ദീനിൽ അലസരും പരാജിതരുമാണ്. ദുരാഗ്രഹങ്ങളിൽ ഉന്മേഷവാന്മാരും ഉണർവുള്ളവരുമാണവർ. അവർ ദേഹേച്ഛയെ പ്രേമിച്ചു. തങ്ങളുടെ പ്രചകളെയും മതത്തെയും അവർ മറന്നുകളുയുകയും ചെയ്തു. വേണ്ട രീതിയിൽ അവരെ പരിഗണിക്കുന്നില്ല. ബൈത്തുൽ മാലിനെ തറവാട്സ്വത്തായി അവർ കാണുന്നു. ഭയഭക്തി ആവശ്യപ്പെടുന്നതനുസരിച്ച് പ്രജകൾക്കായി ഇത് വിനിയോഗിക്കുന്നില്ല. ചോദ്യം ചെയ്യപ്പെടുകയില്ലെന്നവർ കരുതുന്നു. അവർ അല്ലാഹുവിലേക്ക് തിരിച്ചുപോകുകയില്ലെന്ന് കരുതുന്നു. അതിനാൽ അവരുടെ സമ്പന്നതയുടെകാലം ദിവാസ്വപ്നം പോലെ കടന്നുപോകുന്നു. അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് നീ അറിഞ്ഞിരുന്നുവെങ്കിൽ നിന്റെ രോമകൂപങ്ങൾ എഴുന്നുനിൽക്കുമായിരുന്നു. അത്ഭുതസ്തപ്ധനായിത്തീരുകയും ചെയ്യുമായിരുന്നു. ദീനിനെ സുദൃഢമാക്കുന്നവർ ഇവരാണോ എന്ന് ചിന്തിക്കുക. അതിന്റെ സഹായികൾ ഇവരാണോ. വഴികേടിലായവർക്ക് വഴികാണിക്കുന്നവർ ഇവരാണോ. അന്ധന്മാരെ ചികിത്സിക്കുന്നവർ ഇവരാണോ?''

ഇതാണ് ഈ രാജാക്കന്മാരുടെ അവസ്ഥ. ഞാൻ പറഞ്ഞതുപോലെ ആഫ്രിക്കൻ രാജ്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ മിഷ്യനെ പരാജയപ്പെടുത്തുന്നതിന് അവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവരുടെ പക്കൽ എണ്ണപ്പണം ഇഷ്ടംപോലെയാണ്. അതിന്ന്വേണ്ടി ഇവരുടെ സമ്പത്തിന്റെ ആയിരത്തിൽ ഒരംശംപോലും ഇവർ വിനിയോഗിക്കുന്നുണ്ടാവില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ പ്രവർത്തനത്തെ എതിർക്കുന്നതിനായാണ് അവർ തങ്ങളുടെ പ്രവർത്തകരെ അയച്ചത്. ഇതിനുമുമ്പ് ഇസ്‌ലാമിനുവേണ്ടിയുള്ള പ്രചാരണപ്രവർത്തനങ്ങൾ ഇവർക്കോർമയില്ലായിരുന്നു. ഇതിന് ഇവർ വമ്പന്മാരാണ്.

തുടർന്ന് പറയുന്നു. ''അവർക്ക് ശരീഅത്തിന്റെ കൽപനകളുമായി എന്ത് ബന്ധം.? അവർ ആഗ്രഹിക്കുന്നത്, ശരീഅത്തിന്റെ ബന്ധനത്തിൽ നിന്നും മോചിതരായി സ്വാതന്ത്രരായി ജീവിതം നയിക്കാനാണ്. സത്യസന്ധരായ ഖലീഫമാരെപ്പോലെയുള്ള ശക്തിയും പ്രതാപവും അവരിൽ എവിടെ? സത്യവും നീതിയും തങ്ങളുടെ മാർഗ്ഗമായി സ്വീകരിച്ച സാത്വികരുടെയും ഭക്തരുടെയും ഹൃദയം അവർക്ക് എവിടെ നിന്ന് ലഭിക്കാനാണ്.? ഇന്ന് ഖിലാഫത്തിന്റെ സിംഹാസനം ഈ ഗുണങ്ങളിൽ നിന്നും

ഒഴിഞ്ഞുകിടക്കുന്നു.'' (ഇവർ പറയുന്നത് ഞങ്ങളിൽ ഖിലാഫത്ത് ഉണ്ടാകും എന്നാണ്. ചിലപ്പോൾ ചിലരുടെ പേര് പറയുന്നു. ചിലപ്പോൾ മറ്റുപേരുകൾ പറയുന്നു.) ''ഈ സമുദായത്തിന്റെ കാറ്റ് നിന്നുപോയിരിക്കുന്നു എന്നവർ കാണുന്നില്ല. അതിന്റെ ദീപം അണഞ്ഞിരിക്കുന്നു. അതിന്റെ പ്രവാചകനെ കളവാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ സത്യത്തെ അസത്യമാക്കിക്കൊണ്ടിരിക്കുന്നു. അവരിൽ പലരും അല്ലാഹു നിഷിദ്ധമാക്കിയ പ്രവർത്തനങ്ങളിൽ തന്നെ മുഴുകിയിരിക്കുകയാണ്. അവരുടെ ആഗ്രഹങ്ങളെ അല്ലാഹു നിഷിദ്ധമാക്കിയ മേഖലകളിലേക്ക് സധൈര്യം കൊണ്ടുപോകുന്നു.'' പറയുന്നു. ''പ്രഭാതത്തിലും പ്രദോശത്തിലും അവരുടെ സന്തോഷ ജീവിതം വിവിധങ്ങളായ ആനന്ദത്തിൽ കഴിച്ചുകൂട്ടുന്നു. അങ്ങനെയുള്ളവർക്ക് അല്ലാഹുവിൽ നിന്ന് എങ്ങനെ സഹായം ലഭിക്കാനാണ്. കാരണം അവരുടെ പ്രവർത്തനം പാപപങ്കിലവും തിന്മനിറഞ്ഞതുമാണ്. ഇങ്ങിനെയുള്ള സുഖാഢംബരങ്ങളിൽ കഴിയുന്ന രാജാക്കന്മാരുടെ സാന്നിദ്ധ്യം മുസ്‌ലിംകൾക്ക് അല്ലാഹുവിൽനിന്നുള്ള ശക്തമായ കോപത്തിന്റെ ലക്ഷണമാണ്. അവർ അവിശുദ്ധ കീടങ്ങളെപ്പോലെ ഭൂമിയിൽ ഒട്ടിച്ചേർന്നുപോയി. അല്ലാഹുവിന്റെ ദാസർക്കായി പൂർണ്ണശക്തി അവർ വിനിയോഗിക്കുന്നില്ല. മുടന്തൻ ഒട്ടകത്തെപ്പോലെ ആയിരിക്കുന്നു. ഉത്സാഹമുള്ള അശ്വത്തെപ്പോലെ ഇവർ ഓടുന്നില്ല. ഇതുകാരണം ആകാശത്തുനിന്നുള്ള സഹായം അവരോടൊപ്പമില്ല. അവരെക്കുറിച്ചുള്ള ഭയമോ ഭീതിയോ ഇപ്പോൾ നിഷേധികൾക്കില്ല. ഈ ഗുണം ഭക്തരായ രാജാക്കന്മാരുടെ ഗുണമായിരുന്നു. സിംഹത്തെ പേടിച്ച് ഓടുന്ന കഴുതയെപ്പോലെ ഇവർ കാഫിരീങ്ങളിൽ നിന്നും ഓടിപ്പോകുന്നു. ഇപ്പോൾ യുദ്ധമൈതാനത്ത് ഇവരുടെ രണ്ടായിരം പേർക്ക് പകരം രണ്ട് കാഫിറുകൾ മതിയാകുന്നു. ഇങ്ങനെയുള്ള വഞ്ചനയും വഴികേടും ഇവരുടെ കൂടെയുണ്ടാകുമ്പോൾ ഇവർക്ക് ദൈവസഹായം എവിടെ നിന്ന് ലഭിക്കാൻ, കാരണം അല്ലാഹു തന്റെ സനാദനചര്യ മാറ്റാറില്ല. അവന്റെ സുന്നത്ത് എന്നത് കാഫിറുകളെ അവൻ സഹായിക്കുന്നു. എന്നാൽ ധിക്കാരികളെ അവൻ സഹായിക്കുകയില്ല. ഇതുകാരണമായാണ് ക്രിസ്തീയരാജാക്കന്മാർക്ക് സഹായം ലഭിക്കുന്നതും അവർ ഇവരുടെ അതിരുകളെ പിടിച്ചടക്കുന്നതും. അവർ ഓരോ പ്രദേശത്തെയും കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. (ഇന്ന് രാഷ്ട്രങ്ങൾ ബാഹ്യമായി പിടിച്ചെടുക്കുന്നില്ലെങ്കിലും മുസ്‌ലിം രാഷ്ട്രത്തലവന്മാർ മറ്റുള്ളവരുടെ കൈകളിൽ ഒതുങ്ങിയിരിക്കുന്നു.) അന്യർക്ക് അല്ലാഹു സഹായം നൽകുന്നത് അവരിൽ കരുണ ചൊരിയുന്നു എന്നതുകൊണ്ടല്ല. അവന്റെ കോപം മുസ്‌ലിംകളിൽ ആളിക്കത്തുകയാണ്. മുസ്‌ലിംകൾ ഈ കാര്യം അറിഞ്ഞിരുന്നെങ്കിൽ '' (മസീഹ് മൗഊദിന്റെ വേദനയാണിത്.)

(ഇന്ന് ഇതൊരു യാഥാർത്ഥ്യമാണ്. കോളം എഴുത്തുകാർ പത്രങ്ങളിൽ എഴുതുന്നു. കഴിഞ്ഞ ദിവസം ജങ്ക് ദിനപത്രത്തിൽ പാകിസ്ഥാനിലെ സൈന്റിസ്റ്റ് എന്നറിയപ്പെടുന്ന ഡോക്ടർ അബ്ദുൽ ഖദീർ ഖാൻ, വിശുദ്ധ ഖുർആന്റെ ആയത്തുകളുടെ അടിസ്ഥാനത്തിൽ ഇതെല്ലാം എഴുതുകയുണ്ടായി. ഇന്ന ഇന്ന കാര്യങ്ങൾ നാം ചെയ്യുന്നതുകൊണ്ടാണ് അല്ലാഹുവിന്റെ ശിക്ഷ നമ്മിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നത്) ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ഇവർ മുത്തഖീങ്ങളാണെങ്കിൽ ഇവരുടെ ശത്രുക്കൾ ഇവരെ എങ്ങനെ കീഴ്പ്പെടുത്തുമായിരുന്നു. ഇവർ പ്രാർത്ഥനയും ആരാധനയും ഉപേക്ഷിച്ചപ്പോൾ അല്ലാഹുവും ഇവർക്ക് ഒരു വിലയും കൽപ്പിച്ചില്ല.

പറയുന്നു.''അല്ലാഹുവിനോടുള്ള കരാറുകൾ ലംഘിച്ചതും വിശുദ്ധ ഖുർആന്റെ അതിരുകളോട് അപമര്യാദയായി പെരുമാറിയതും കാരണം അതിഭീകരമായ ആപത്തുകൾ അവരിൽ ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. പല പ്രദേശങ്ങളും അവരിൽ നിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.''

ഇതെല്ലാം തന്നെ ദൈവത്തിൽ നിന്നുള്ള ശിക്ഷയും അവന്റെ പിടിത്തവുമാണ്. പറയുന്നു, ''ശത്രുക്കൾ ഇവരെ നിന്ദിച്ചതല്ല. അല്ലാഹുവാണ് ഇവരെ നിന്ദിച്ചത്. കാരണം അല്ലാഹുവിന്റെ മുമ്പിൽ ഇവർ അനുസരണക്കേടുകൾ കാണിച്ചു. അതുകൊണ്ട് അവർക്ക് കാണിച്ചതെല്ലാം അവനവർക്ക് കാണിച്ചു. അവരെ രക്ഷിക്കാതെ ആപത്തുകളിലേക്ക് അവരെ തള്ളിയിട്ടു. അവരുടെ മന്ത്രിമാർ വഞ്ചകരും അവിശ്വസ്തരുമാണ്.'' (മന്ത്രിമാരും ഉപദേശകരും ഒന്നും അവരുടെ കടമകൾ നിർവ്വഹിക്കുന്നില്ല. അവരും വിശ്വാസവഞ്ചകരാണ്. ഇവരേക്കാളും മുൻകടക്കുന്നു. ഇവരെയും അതിലേക്ക് കൊണ്ടുപോകുന്നു.)

പറയുന്നു. ''യൂറോപ്പിലെ പത്രങ്ങൾ ഇവരെക്കുറിച്ച് എഴുതുന്നത് അലസരും കഴിവ് കെട്ടവരുമാണെന്നാണ്. (ഇന്നും ഇത് തന്നെയാണ്.) പുരുഷൻമാരുടെ ഒരു ഗുണവും ഇവരിലില്ല. നമസ്ക്കാരം കൃത്യമായി അനുഷ്ഠിക്കുന്നില്ല. ദേഹേച്ഛകൾ അവരുടെ മാർഗ്ഗത്തിൽ പാറപോലെ തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. നമസ്ക്കരിക്കുകയാണെങ്കിൽ തന്നെ സ്ത്രീകളെപ്പോലെ വീടുകളിലാണ് നമസ്ക്കരിക്കുന്നത്. മുത്തഖീങ്ങളെപ്പോലെ പള്ളികളിൽ ഹാജറാകുന്നില്ല. ഉപദേശപ്രസംഗങ്ങൾ ഒന്നും കേൾക്കാൻ തയ്യാറാകുന്നില്ല. ഉടനെ അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും ദുരഭിമാനം അവരെ ആവേശം കൊള്ളിക്കുന്നു. കോപത്തിൽ അന്ധരായിത്തീരുന്നു. അവരുടെ അവസ്ഥകൾക്ക് സ്തുതിപാടുന്നവരും അവരുടെ പ്രവർത്തനങ്ങൾ പുകഴ്ത്തുന്നവരുമാണ് അവരുടെ മുമ്പിൽ ഏറ്റവും ആദരണീയർ.''

അല്ലാഹു ഇവരുടെ ധിക്കാരവും ദുർനടപ്പും അക്രമവും കളവും അഹങ്കാരവും നന്ദികേടും കണ്ടപ്പോൾ അവരുടെ സുരക്ഷിത മതിലുകളെ അതിക്രമിച്ചുകടക്കുന്നവരെ ഇവരുടെ മീതെ ആക്കി. അവർ എല്ലാ ഉയർന്ന സ്ഥലങ്ങളിലും കയറിപ്പറ്റുന്നു. ഇവരുടെ പൂർവ്വികരുടെ സമ്പത്ത് അക്കൂട്ടർ കൊള്ളയടിക്കുന്നു. എല്ലാ ഭരണകൂടങ്ങളെയും അവർ കയ്യിലൊതുക്കിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം നടക്കേണ്ടതു തന്നെയായിരുന്നു. ഖുർആനിൽ ഇതെല്ലാം നിങ്ങൾ വായിക്കുന്നില്ലെ. എന്നിട്ടും ചിന്തിക്കുന്നില്ലെ. (ഇപ്പോൾ എല്ലാം അന്യരുടെ കൈകളിലാണ്.) ഇവർ ഹൃദയത്തിൽ നിന്നും തഖ്‌വ മാറ്റിയപ്പോൾ അല്ലാഹു അവരുടെ ഭൗതിക കാര്യങ്ങളും മാറ്റുകയുണ്ടായി. അവർ തിന്മകൾ സധൈര്യം ചെയ്യുന്നവരുമായിരുന്നു.തങ്ങളിൽ ഒരു മാറ്റം വരുത്താത്തിടത്തോളം കാലം അല്ലാഹു ഒരു സമൂഹത്തിന്റെയും അവസ്ഥ മാറ്റുന്നതല്ല. അവരോട് കരുണ ചെയ്യുകയും ചെയ്യില്ല. അങ്ങനെയുള്ള വീടുകളിൽ അല്ലാഹുവിന്റെ ശാപം ഇറങ്ങുന്നു. നീചപ്രവർത്തിയും കുറ്റകൃത്യങ്ങളും ചെയ്യുന്ന പട്ടണങ്ങളിലും അല്ലാഹുവിന്റെ ശാപം ഇറങ്ങുന്നു. നീചപ്രവർത്തനങ്ങൾ നടക്കുന്ന വീടുകളിൽ മലക്കുകൾ ഇറങ്ങി ഇങ്ങിനെ പറയും; ഈ വീട് അല്ലാഹു ശൂന്യമാക്കട്ടെ. ഈ ചുമരുകളെ അല്ലാഹു തകർത്തുകളയട്ടെ.

പറയുന്നു.''കിസ്തീയ രാജാക്കന്മാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾക്ക് അവരുടെ കൈകളാൽ ഏറ്റ പ്രഹരം ഓർക്കാതിരിക്കുക. ദുർനടപ്പുകാരെ! നിങ്ങൾ സ്വയം കുറ്റപ്പെടുത്തുക. എന്റെ വാക്കുകൾ നിങ്ങൾ കേൾക്കുന്നുണ്ടോ? ഇല്ല; ഇല്ല. നിങ്ങൾ എന്നെ ചീത്ത പറയുകയും എന്നോട് നീരസം പ്രകടിപ്പിക്കുകയുമാണ് ചെയ്യുന്നത്. കേൾക്കുന്ന ചെവിയും മനസ്സിലാക്കുന്ന ഹൃദയവും നിങ്ങൾക്ക് ലഭിച്ചിട്ടില്ല. ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ച് ബുദ്ധി പ്രയോഗിക്കുവാനുള്ള സമയം തന്നെ നിങ്ങൾക്കെവിടെ. മദ്യചഷകങ്ങൾ ഉപേക്ഷിച്ച് ദൈവത്തെ ഓർക്കാൻ നിങ്ങൾക്ക് അവസരമെവിടെ. ചിന്തിക്കുന്ന ഒരു യുവാവെങ്കിലും നിങ്ങളിൽ വേണ്ടെ? നിങ്ങൾ ശത്രുക്കളെ കുറ്റം പറയുകയാണോ? നിങ്ങൾക്ക് വന്നുഭവിച്ച ഈ വിപത്തുകളെല്ലാം നിങ്ങൾ കാരണമായിത്തന്നെയാണ് വന്നത്.''

പൊതുജനങ്ങളോട് പറയുന്നു. ''നിങ്ങൾ നല്ലവരായിരുന്നുവെങ്കിൽ രാജാക്കന്മാരെയും സാത്വികരാക്കുമായിരുന്നു. കാരണം മുത്തഖീം ങ്ങൾക്കായി അല്ലാഹുവിന്റെ നടപടിക്രമം ഇതാണ്. മുസ്‌ലിം രാജാക്ക ന്മാരുടെ സ്തുതിപാടനത്തിൽ നിന്നും വിട്ടുനിൽക്കുക. അവരുടെ ഗുണ കാംക്ഷികളാണെങ്കിൽ അവർക്കായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരി ക്കുക. അല്ലാഹു അവരെ നിങ്ങളുടെ വസ്തുക്കളും നിങ്ങളെ അവ രുടെ ഉപകരണങ്ങളുമാക്കിയിരിക്കുന്നു. നിങ്ങളിൽ ആത്മാർത്ഥതയു ണ്ടെങ്കിൽ തഖ്‌വയിലും നന്മയിലും പരസ്പരം സഹകാരികളായിത്തീ രുക. അവരുടെ ദുശ്ചെയ്തികളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തു ക. വ്യർത്ഥമായ കാര്യങ്ങളെക്കുറിച്ച് അവരെ ധരിപ്പിക്കുക; നിങ്ങൾ കപ ടന്മാരല്ലെങ്കിൽ. അവർ തങ്ങളുടെ നാട്ടുകാരുടെ അവകാശങ്ങൾ നൽകു ന്നില്ലെന്നത് സത്യമാണ്.'' (രാജാക്കന്മാർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊ ടുക്കുക എന്നത് ശരിതന്നെയാണ് സത്യം അവരുടെ മുമ്പിലും തുറന്നു പറയേണ്ടതാണ്.)

''അല്ലാഹുവാണെ സത്യം, അവരുടെ ഹൃദയം കല്ലിനേക്കാളും കട്ക ട്ടിയായിത്തീർന്നിരിക്കുന്നു. അവർ ഒരിക്കലും അല്ലാഹുവിന്റെ മുമ്പിൽ കരഞ്ഞു വിലപിക്കുന്നില്ല. ഈ പ്രവർത്തനങ്ങളിൽ നിന്നും മനസ്സിലാ കുന്നത് അവർ അല്ലാഹുവിനെ പ്രകോപിപ്പിച്ച് വഴികേടിന്റെ മാർഗം അവ ലംബിച്ചിരിക്കുന്നു എന്നാണ്. സ്വയം പാഷാണം കഴിച്ച് പൊതുജനങ്ങ ളെയും അകപ്പെടുത്തിയിരിക്കുകയാണ്. അതിനാൽ നാശത്തിന്റെ രണ്ടംശം ഇവർക്ക് ലഭിക്കുന്നതാണ്. അതുകൊണ്ട് എന്റെ സംബോധി തരെ! ഇക്കാര്യങ്ങളെക്കുറിച്ച് അവരെ ഓർമ്മപ്പെടുത്താൻ നിങ്ങളിൽ ആരുണ്ട്. കാരണം ഇവർ തങ്ങളുടെ ദേഹേച്ഛകൾക്ക് പിന്നിൽ പോയി തങ്ങളുടെ മതത്തെ നഷ്ടപ്പെടുത്തിയിരിക്കുന്നു. ഈ പരിതസ്ഥിതിയിൽ അവർ കോങ്കണ്ണന്മാരായിത്തീർന്നിരിക്കുന്നു. അല്ല, അവർ പൂർണ്ണമായും അന്ധരായിക്കഴിഞ്ഞിരിക്കുന്നു എന്നാണ് ഞാൻ കരുതുന്നത്. അവരുടെ അനുസരണവൃത്തത്തിൽ നിന്ന് പുറത്ത് വന്ന് അവരോട് പോരാടണമെന്ന് ഞാൻ പറയുന്നില്ല. (യുദ്ധം ചെയ്യാനുള്ള അനുവാദമില്ല. സത്യം തുറന്ന് പറയാം. ദുആ ചെയ്യാം. ഇസ്തിഗ്ഫാറ് ചെയ്യാം.) അല്ലാഹുവിനോട് അവ രുടെ നന്മക്കായി പ്രാർത്ഥിക്കുക; അവർ പിൻതിരിയുന്നതിന് വേണ്ടി. ദജ്ജാലിന്റെ കരങ്ങൾ തകർത്തെറിഞ്ഞ കാര്യങ്ങളിൽ നമ്മെ സംസ്ക്ക രിക്കുമെന്ന് ഇവരിൽ നിന്നും നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ. ഇത്രമാത്രം അവർ തകർന്നടിയുകയും അസ്വസ്ഥരാകുകയും ചെയ്തതിനുശേഷം ഈ ഉമ്മത്തിന്റെ കാര്യം ശരിയാക്കും എന്നും പ്രതീക്ഷിക്കുന്നുണ്ടോ. ഓരോ പ്രവർത്തിക്കുമായി പ്രത്യേകം പ്രത്യേകം വ്യക്തികൾ ഉണ്ടായിരി ക്കുമെന്ന കാര്യം നിങ്ങൾ അറിയില്ലെ. മരിച്ചവർ മറ്റുള്ളവർക്ക് ജീവൻ നൽകുമോ. വഴികേടിലായവർ മറ്റുള്ളവർക്ക് സന്മാർഗ്ഗം കാണിക്കുമോ? പിന്നെ ഇവരിൽ നിന്നും എന്ത് പ്രതീക്ഷയാണുള്ളത്. മരണം വന്ന് അവരെ തട്ടി ഉണർത്താത്തതുവരെ ഇവർ ശരിയാകുമെന്ന് നമുക്കൊരു പ്രതീക്ഷയുമില്ല. എന്നാൽ ഉപദേശിക്കണം എന്നത് നമ്മോട് കൽപ്പിക്ക പ്പെട്ടിരിക്കുന്നു.'' പറയുന്നു, ''ഇവർക്ക് ഉൾക്കാഴ്ചയുടെ ശക്തിയോ ഭര ണതന്ത്രത്തെക്കുറിച്ചുള്ള അറിവോ ഇല്ല. അവർ ആഗ്രഹിക്കുന്നത് അവ രുടെ അയൽവാസികളായ ക്രിസ്ത്യാനികളുടെ കുതന്ത്രങ്ങൾ പഠിക്കാ നാണ്. എന്നാൽ അവരുടെ അതിസൂക്ഷമമായ വഞ്ചനയിലും രക്ഷപ്പെ ടാനുള്ള വിദ്യകളിലും അവരോളം എത്താനും ഇവർക്ക് കഴിഞ്ഞില്ല. അങ്ങനെ പറക്കുന്നതിൽ കഴുകനായിത്തീരാൻ മോഹിച്ച കോഴിയെ പോലെ ഇവരായിത്തീർന്നു.''

ക്രിസ്ത്യാനികൾക്ക് പകരം ഇവർക്ക് ലഭിച്ച തഖ്‌വയുടെ പാഠം ഇവർ മറന്നുപോയി. എന്നാൽ ഇവരുടെ എതിരാളികളെപ്പോലെയുള്ള കുത ന്ത്രങ്ങളും വഞ്ചനയും അതും പൂർണ്ണമായും പഠിക്കാൻ ഇവർക്ക് കഴിഞ്ഞില്ല. മുത്തഖി ആകാത്തിടത്തോളംകാലം അല്ലാഹു സഹായിക്കു കയില്ലെന്ന് മുസ്‌ലിം രാജാക്കന്മാരെക്കുറിച്ച് അല്ലാഹു തീരുമാനിച്ചിരി ക്കുന്നു. അല്ലാഹു നസ്റാണികൾക്ക് അവരുടെ കുതന്ത്രങ്ങളിൽ വിജയം നൽകുന്നു. എന്നാൽ വിശ്വാസികൾ അല്ലാഹുവിനെ കോപിപ്പിച്ചിരിക്കു കയാണ്. ഇവർക്ക് ഇസ്‌ലാമിന്റെ അതിരുകളെ നിഷേധികളിൽ നിന്നും സംരക്ഷിക്കാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇസ്‌ലാം ഇവ രുടെ സംരക്ഷണത്തിലാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? സുബ്ഹാന ല്ലാഹ്. ഇത് അപകടകരമായ തെറ്റാണ്? സർവ്വസൃഷ്ടികുലോത്തമന്റെ ദീനിനെ ഇവർ ബിദ്അത്തുകളാൽ അപമാനിക്കുകയാണ് ചെയ്യുന്നത്. അവരെക്കുറിച്ച് നല്ലത് ചിന്തിക്കുകയും അവരുടെ ദുർനടപ്പുകളിൽ നിന്നും അവരെ പരിശുദ്ധരാക്കുവാനും ഉള്ള സ്വാതന്ത്ര്യം നിങ്ങൾക്കു ണ്ട്. പക്ഷെ ഏത് തെളിവുകൾ മുഖേന നിങ്ങൾ ഇത് ചെയ്യും. അവർ ഹറമൈൻ ശരീഫൈന്റെ സംരക്ഷകരാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ. അങ്ങനെയല്ല. ഹറം അവരെ സംരക്ഷിക്കുന്നു എന്നതാണ് വാസ്തവം. കാരണം അവർ ഇസ്‌ലാമിനെയും റസൂൽ തിരുമേനിയെയും സ്നേഹി ക്കുന്നു എന്ന് വാദിക്കുന്നവരാണ്. അവർ യഥാർത്ഥ തൗബ ചെയ്യുന്നി ല്ലെങ്കിൽ ശിക്ഷ തലക്കുമീതെ തൂങ്ങിക്കിടക്കുന്നു. അതുകൊണ്ട് വരാ നിരിക്കുന്ന വിപത്തിന്റെ നാളുകളെക്കുറിച്ച് അവരെ ഓർമ്മപ്പെടുത്താൻ നിങ്ങളിൽ ആരെങ്കിലുമുണ്ടോ? ഈ ദുർഘടകാലഘട്ടത്തിൽ ഇസ്‌ലാം പിച്ചിച്ചീന്തപ്പെടുന്നത് നീ കാണുന്നില്ലെ. ശക്തമായ പേമാരിപോലെ ഫിത്നകൾ ഇതിൽ പെയ്തിറങ്ങിക്കൊണ്ടിരിക്കുന്നു. ശത്രുസൈന്യം വേട്ട മൃഗത്തെപ്പോലെ ഇതിനെ റാഞ്ചിയെടുക്കാൻ തയ്യാറായിരിക്കുന്നു. ഹൃദ യത്തിന് സന്തോഷം നൽകുന്നതും ദുഃഖത്തെ ദൂരീകരിക്കുന്നതുമായ ഒരു സന്തോഷവാർത്തയും പ്രതീക്ഷിക്കാനില്ല. മുസ്‌ലിംകൾ വനാന്തര ത്തിലെ ദാഹപരവശനെപ്പോലെ ആയിരിക്കുന്നു. അല്ലെങ്കിൽ മരണ ശ്വാസം വലിക്കുന്ന രോഗിയെപ്പോലെ ആയിരിക്കുന്നു.

പലരും മുസ്‌ലിംകളെ പരിഹസിച്ച് കടന്നുപോകുന്നു. ചിലർ ഇവരെ കണ്ട് തേങ്ങലടിച്ച് കരഞ്ഞുകൊണ്ട് ഇവരിലേക്ക് നോക്കുന്നു. ഹൃദയം കടുകട്ടിയായതായി നിങ്ങൾ കാണുന്നില്ലെ. തിന്മകൾ അതികരിച്ചിരിക്കു ന്നു. ഹൃദയം കുടുസ്സായിത്തീർന്നിരിക്കുന്നു. ബുദ്ധി കലങ്ങിമറിഞ്ഞിരി ക്കുന്നു. അശ്രദ്ധയും അലസതയും ആജ്ഞാലംഘനവും പുരോഗതി പ്രാപിക്കുകയും അജ്ഞതയും കുഴപ്പവും കൊടികുത്തി വാഴുകയും ചെയ്യുന്നു. തഖ്‌വയുടെ പേരുപോലും കാണാനില്ല. വിശ്വാസത്തെ ശക്തി പ്പെടുത്തുന്ന പ്രകാശം ഹൃദയത്തിൽ ഇല്ല. കണ്ണുകളും നാവുകളും ചെവി കളും എല്ലാം അശുദ്ധമായിത്തീർന്നിരിക്കുന്നു. ആദർശങ്ങളിൽ എല്ലാം മാറി മറിഞ്ഞു. ഗ്രാഹ്യശക്തി ഇല്ലാതെയായി. വിഢ്ഢിത്തം പ്രത്യക്ഷപ്പെ ട്ടുകഴിഞ്ഞു. ആരാധനയിൽ പ്രകടനാത്മകതയും ഭക്തിയിൽ കാപട്യവും നിറഞ്ഞിരിക്കുന്നു. സാത്വികതയുടെ നാമംപോലും മാഞ്ഞുപോയി. സ്നേഹവും സൗഹൃദവും അകന്നുപോയി. വിദ്വേഷവും ഭിന്നതയും നിറ ഞ്ഞിരിക്കുന്നു. മുസ്‌ലിംകളിൽ കാണാത്ത ഒരു തിന്മയും അജ്ഞതയും ഇല്ല. അവരുടെ സ്ത്രീകളിലും പുരുഷന്മാരിലും കുട്ടികളിലും കാണാത്ത ഒരു വിധ അക്രമവും വഴികേടും തന്നെയില്ല. അവരുടെ നേതാക്കന്മാർ സത്യമാർഗം ഉപേക്ഷിച്ചിരിക്കുന്നു.

(എല്ലാം നഷ്ടപ്പെട്ടിട്ടും. അഹ്മദിയ്യത്തിനെ എതിർക്കുന്ന കാര്യത്തിൽ പണ്ഢിതരും സാധാരണക്കാരും മുൻപന്തിയിലാണ്.) കഴിഞ്ഞ ദിവ സത്തെ ഒരു റിപ്പോർട്ട് ഞാൻ നോക്കുകയായിരുന്നു. ഒരഹ്മദിക്ക് ക്രിസ്തീയ കൂട്ടുകാരനുണ്ടായിരുന്നു. അദ്ദേഹം ഇവിടെ ഇംഗ്ലണ്ടിൽ വന്നു. ഏതോ ഒരു അനഹ്മദി മുസ്‌ലിം സുഹൃത്തിന്റെ അടുത്താണ് വന്ന ത്. ആ മുസ്‌ലിം മദ്യപിക്കുമെന്ന് അയാൾക്കറിയാമായിരുന്നു. അദ്ദേഹം പറയുന്നു. ''ഞാൻ അയാളോട് പറഞ്ഞു. ചില അഹ്മദികൾ എന്റെ

സുഹൃത്തുകളുണ്ട്. ആ അനഹ്മദി മുസ്‌ലിം അപ്പോഴും അദ്ദേഹത്തിന്റെ മുമ്പിലിരുന്ന് മദ്യപിക്കുകയായിരുന്നു. ഉടനെ അയാൾ പറഞ്ഞു. ''അഹമദികൾ മുസ്‌ലിംകളെ അല്ല. അവരെക്കുറിച്ച് നീ എന്താണ് പറയുന്നത്.'' ഞാൻ അയാളോട് ചോദിച്ചു. ''വിശുദ്ധ ഖുർആനിൽ മദ്യം ഹറാമാക്കിയിട്ടില്ലെ. അഹ്മദികൾ മദ്യപിക്കാറില്ല. എന്നിട്ടും അവർ മുസ്‌ലിംകളല്ല. അഹ്മദികൾ നമസ്ക്കരിക്കുന്നു. എന്നിട്ടും നിങ്ങൾ പറയുന്നത് അവർ മുസ്‌ലിംകളല്ല. ഞാൻ കണ്ട അഹ്മദികൾ വിശുദ്ധ ഖുർആനനുസരിച്ച് പ്രവർത്തിക്കുന്നു. നിങ്ങൾ പറയുന്നത് അവർ മുസ്‌ലിംകളല്ലാ എന്നാണ്. നിങ്ങൾ എന്റെ മുമ്പിൽ ഇപ്പോൾ ഇരുന്ന് മദ്യപിച്ചിട്ടും വിശുദ്ധ ഖുർആനെതിരിൽ പ്രവർത്തിച്ചിട്ടും നിങ്ങൾ പറയുന്നത് നിങ്ങൾ മുസ്‌ലിംകളാണെന്നാണ്.'' ആദ്യം അയാൾ ഇതെല്ലാം മിണ്ടാതെ കേട്ടുകൊണ്ടിരുന്നു ഒന്നും പറഞ്ഞില്ല. മദ്യത്തിന്റെ ഗ്ലാസ് കയ്യിലുണ്ടായിരുന്നു. ആ ക്രിസ്ത്യാനി പറഞ്ഞു. ''നീ വിശമിക്കേണ്ട; ഞാൻ വെറുതെ പറഞ്ഞതല്ലെ. നീ കുടിക്കുന്നത് കുടിച്ചുകൊള്ളുക.'' ഇതുകേട്ടപ്പോൾ അയാൽ ബാക്കിയുള്ളത് യാതൊരു സങ്കോചവും കൂടാതെ ഉടനെ കുടിക്കാൻ തുടങ്ങി.'' ഇതാണ് ഇപ്പോഴുള്ള മുസ്‌ലിംകളുടെ അവസ്ഥ. എന്നാലും അഹ്മദികൾ മുസ്‌ലിംകളല്ല?!

പറയുന്നു.''അടയാളങ്ങൾ പ്രത്യക്ഷമായി. എന്നിട്ടും അവർ സ്വീകരിച്ചില്ല. അല്ലാഹുവിന്റെ കോപം ഇറങ്ങി. ശിക്ഷ കണ്ടപ്പോൾ അവർ പറഞ്ഞു. നിന്റെ വ്യക്തിത്വത്തെ ഞങ്ങൾ നജസായി കാണുന്നു. നിന്റെ കളവുകാരണമാണ് ഈ പ്ലേഗ് ഇറങ്ങിയിരിക്കുന്നത്. (അല്ലാഹുവിന്റെ ഈ ശിക്ഷ വരുന്നത് നഊദുബില്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام കള്ളവാദം പുറപ്പെടുവിച്ചതുകൊണ്ടാണെന്ന് ഇവർ പറയുന്നു. ഇന്നും ഇതാണ് ഇവരുടെ അവസ്ഥ.) നിന്നെ അശുഭലക്ഷണമായിക്കരുതുന്നു. (നഊദുബില്ലാഹ്) ആകാശഭൂമികളിൽ നിന്ന് ശിക്ഷ ഇറങ്ങാതെ ഒരു പ്രവാചകനെയും അല്ലാഹു അയച്ചിട്ടില്ല. എതിരാളികൾ പിൻതിരിയുന്നതിന്ന് വേണ്ടി.'' (ഈ ശിക്ഷകളും വിപത്തുകളുമെല്ലാം മസീഹ് മൗഊദ് عليه السلام ന്റെ സഹായത്തിനുള്ളതാണ്.)

ഈ അപകടഘട്ടത്തിൽ രക്ഷപ്പെടാൻ നിങ്ങളുടെ രാജാക്കന്മാരിൽ ആരാണ് കപ്പലുണ്ടാക്കിയത് എന്നെനിക്ക് പറഞ്ഞുതരിക. അവരും മുങ്ങുന്നവരോടൊപ്പം മുങ്ങുകയല്ലെ ചെയ്തത്. കാലഘട്ടത്തിന്റെ കത്രിക അവരെ തുണ്ടം തുണ്ടമാക്കുകയുണ്ടായി. അവരുടെ വായയെ പൊടിപടലങ്ങൾ അടപ്പിച്ചുകളഞ്ഞു. കാലം അവരുടെ വെള്ളം വറ്റിവരണ്ടതാക്കി മാറ്റി. പ്രതാപം അവരിൽ നിന്നും അകന്നു. പല തന്ത്രങ്ങളും അവർ ചെയ്തുനോക്കിയെങ്കിലും ഒരു ഗുണവും ചെയ്തില്ല. പല ഫിത്നകളും നാമ്പെടുക്കുകയുണ്ടായി. എന്നാൽ അവരുടെ കമ്മിറ്റികളും പാർലമെന്റുകളും മുഖേന ശത്രുക്കളുടെ അതിർത്തിയിൽ സൈന്യ നടപടി എടുത്ത്കൊണ്ട് ആ ഫിത്നകൾ ഇല്ലാതാക്കാനുള്ള ശ്രമം ഇവർ ചെയ്തില്ല. ചില സന്ദർഭങ്ങളിൽ ഇവർ ആയുധമണിഞ്ഞു. വമ്പൻ സൈന്യങ്ങളെ അയച്ചുനോക്കുകയും ചെയ്തു. പരാജയവും നിന്ദ്യതയുമല്ലാതെ മറ്റൊന്നും ഇവർക്ക് ലഭിച്ചില്ല.

അതിനാൽ ഭിഷ്വങ്കരന്മാരെ ഇതിനുള്ള ചികിത്സ എന്താണെന്ന് പറഞ്ഞുതരുക. ഈ നേതാക്കന്മാർക്ക് ഈ ആപത്തിനെ അകറ്റാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഈ രാജാക്കന്മാർ ഈ മുള്ളുകളിൽ നിന്നും മതത്തിന്റെ തോട്ടത്തെ വൃത്തിയാക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ? ഈ രോഗങ്ങളെല്ലാം ഇസ്‌ലാമിക ഭരണകൂടങ്ങൾ മുഖേനയും അവരുടെ അറിയപ്പെടുന്ന പ്രവർത്തനത്താലും സുഖം പ്രാപിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇല്ല ഒരിക്കലുമില്ല. ഇതിനെക്കാളും ഭേദം മുള്ളുചെടിയിൽ നിന്ന് ഈന്തപ്പഴം ലഭിക്കുമെന്ന് പ്രതീക്ഷിക്കലാണ്. ഇവരിൽ നിന്ന് എന്ത് പ്രതീക്ഷിക്കാനാണ്. വലിയ പാലക്കല്ലിനുതാഴെ അവർ അമർന്നിരിക്കുകയാണ്. ഇവർക്കെങ്ങിനെ തല ഉയർത്താൻ സാധിക്കും. ആയിരക്കണക്കിന് ദുഃഖത്തിന് കീഴെയാണിവർ. ഈ ആപത്തുകളെ ദൂരീകരിക്കുക എന്നത് ഈ രാജാക്കന്മാരുടെയും നേതാക്കന്മാരുടെയും കഴിവിൽപെട്ട കാര്യമല്ലെന്ന് സത്യമായും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അന്ധൻ അന്ധന് വഴികാട്ടുമോ?

''ബുദ്ധിമാന്മാരെ ഈ രാജാക്കന്മാർ മുസ്‌ലിംകളും ആത്മാർത്ഥരുമാണെങ്കിലും ഇവരുടെ മനസ്സ് പരിപൂർണ്ണ പരിശുദ്ധിയാർജ്ജിച്ചവരുടെ മനസ്സ് പോലെയല്ല. പരിശുദ്ധരെപ്പോലെ ഇവർക്ക് പ്രകാശവും ആകർഷണശക്തിയും നൽകപ്പെട്ടിട്ടില്ല. കാരണം തങ്ങളെ പൂർണ്ണമായും അല്ലാഹുവിൽ ലയിപ്പിക്കുന്ന അഗ്നിയിൽ ഉരുക്കുന്നവർക്കാണ് പ്രകാശം ലഭിക്കുക. അപ്പോഴാണ് സ്വച്ഛമായ സ്നേഹം അവർക്ക് നൽകപ്പെടുന്നത്. പ്രീതിയുടെ ഉറവിടത്തിൽ നിന്നും അവർ സ്നാനം ചെയ്യപ്പെടുന്നു. ഉൾക്കാഴ്ചയുടെയും സത്യത്തിന്റെയും വിശുദ്ധിയുടെയും സുറുമ അവരുടെ കണ്ണുകളിൽ എഴുതപ്പെടുന്നു. ഭക്തിയുടെ വസ്ത്രം അവർ ധരിപ്പിക്കപ്പെടുന്നതാണ്. പിന്നീട് **സഖാ** എന്ന സ്ഥാനം അവർക്ക് നൽകപ്പെടുന്നു. അന്ധകാരത്തിൽ ഇരിക്കുന്നവന് അന്ധകാരത്തെ എങ്ങനെ അകറ്റാൻ കഴിയും. ലൗകികാനന്ദത്തിന്റെ കട്ടിലിൽ കിടന്നുറങ്ങുന്നവന് ആരെ ഉണർത്താൻ സാധിക്കും. സത്യം പറഞ്ഞാൽ ഇപ്പോഴുള്ള രാജാക്കന്മാർക്ക് ആത്മീയ കാര്യവുമായി ഒരു ബന്ധവുമില്ല എന്നതാണ്. അവരുടെ ശ്രദ്ധ മുഴുവനും ഭൗതിക ഭരണത്തിലേക്ക് അല്ലാഹു തിരിച്ചിരിക്കുന്നു. ഏതോ കാര്യം കൊണ്ട് മാത്രം ഇസ്‌ലാമിന്റെ ബാഹ്യസംരക്ഷണത്തിനായി അവരെ നിർത്തിയിരിക്കുന്നു. രാഷ്ട്രീയകാര്യങ്ങളിൽ മാത്രമാണ് അവർ ശ്രദ്ധിക്കുന്നത്. ഇസ്‌ലാമിന്റെ അതിർത്തികളെ കാത്തുസംരക്ഷിക്കുക എന്നത് മാത്രമാണ് അവരുടെ ജോലി. നാടിന്റെ പൊതുകാര്യങ്ങൾ നോക്കിക്കൊണ്ട് ശത്രുക്കളിൽ നിന്ന് അത് രക്ഷിക്കുക. എന്നാൽ ജനങ്ങളെ തെറ്റുകളിൽ നിന്നും രക്ഷിക്കുകയെന്നതും അശുദ്ധിയിൽ നിന്നും വിശുദ്ധീകരിക്കുകയെന്നതും ശൈത്ത്വാന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കുകയെന്നതും ആപത്തുകളിൽ നിന്ന് പ്രാർത്ഥന മുഖേന സധൈര്യം അവരെ സംരക്ഷിക്കുക എന്നതുമെല്ലാം ഈ രാജാക്കന്മാർക്ക് കഴിയാത്ത കാര്യങ്ങളാണ്. ബുദ്ധിമാന്മാരിൽ നിന്നും ഈ കാര്യങ്ങളൊന്നും മറഞ്ഞിരിക്കുന്നതല്ല. രാജാക്കന്മാർക്ക് ഭരണ നിയന്ത്രണം ഏൽപ്പിക്കാനുള്ള കാരണം ഇസ്‌ലാമിന്റെ രൂപങ്ങളെ ശൈത്ത്വാന്റെ കൈകടത്തലുകളിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ടിയാണ്. ജനമനസ്സുകളെ വിശുദ്ധീകരിക്കുന്നതിന് വേണ്ടിയല്ല. കണ്ണുകളെ ആത്മീയ പ്രകാശമുള്ളതാക്കി മാറ്റാനുമല്ല.''

ഉലമാക്കളെക്കുറിച്ച് പറയുന്നു. ''ഇവരിൽ അധികം പേരും ഇസ്‌ലാമിന്ന് രോഗമാണ്. ഒരിക്കലും ഇസ്‌ലാമിനുള്ള ശമനൗഷധമല്ല. ഇവർ ജനങ്ങളുടെ ധനം അപഹരിക്കുന്നു. പറയുന്നത് ചെയ്യുന്നില്ല. അവരുടെ നാവ് വിഷലിപ്തവും ഹൃദയം കടുകട്ടിയും അന്ധകാരത്താൽ നിറഞ്ഞതുമാണ്. അവരുടെ അഭിപ്രായങ്ങൾ അപ്രസക്തവും ബുദ്ധി മരവിച്ചതും ധൈര്യം ക്ഷയിച്ചതും പ്രവർത്തനം നീചവുമാകുന്നു. അൽപമായ അറിവിൽ അവർ അഹങ്കരിക്കുന്നു. ആരെങ്കിലും അവരെ ആക്ഷേപിച്ചാൽ അവരോട് കയർത്ത് സംസാരിക്കുന്നു. വിവിധ മാർഗങ്ങളിലൂടെ കുഫ്റ് ഫത്വകൾ നടത്തുന്നു. ദുഃഖിപ്പിക്കുന്നു. മറ്റുള്ളവരുടെ ധനം കൊള്ളയടിക്കുന്നു. പിശുക്ക് ഇവരുടെ പ്രകൃതവും അസൂയ ഇവരുടെ രീതിയും ശരീഅത്തിനെ മാറ്റി മറിക്കൽ ഇവരുടെ ദീനുമായിത്തീർന്നിരിക്കുന്നു. കോപം വരുമ്പോൾ ചെന്നായ്ക്കളെ പോലെയാകുന്നു. ഇവരുടെ കോപവും സന്തോഷവും എല്ലാം തങ്ങളുടെ നഫ്സെ അമ്മാറക്ക് വേണ്ടിയാകുന്നു. ഇവരുടെ ദിക്റുകളും തസ്ബീഹ് ചൊല്ലലും എല്ലാം കാണിക്കാൻ വേണ്ടിമാത്രം. ജനങ്ങളുടെ കഴുത്തിന്റെ

ഉടമസ്ഥരായി ഇവർ തങ്ങളെ കാണുന്നു. (എത്ര സത്യമാണ് വിവരിച്ചത്. ഇന്ന് പാക്കിസ്ഥാനിൽ ഇവരുടെ സ്ഥിതി ഇതാണ്). ആരെയാണോ ഇവർ ഉദ്ദേശിക്കുന്നത് അവരെ മലക്കുകളായും ആരെയാണൊ അവർ ഉദ്ദേശിക്കുന്നത് അവരെ ശൈത്ത്വാന്റെ സഹോദരനായും അവർ പ്രഖ്യാപിക്കുന്നു. കരുണയുടെയും സഹിഷ്ണുതയുടെയും ലാഞ്ചനപോലും ഇവരിലില്ല. അശ്ലീലകാര്യങ്ങളിൽ മൃഗങ്ങളെപ്പോലും ഇവർ പരാജയപ്പെടുത്തിയിരിക്കുന്നു. ഇവർ നിങ്ങളുടെ അടുത്ത് ചെമ്മിരിയാടിന്റെ വേഷത്തിൽ വരുന്നു. യഥാർഥത്തിൽ ഇവർ വിവിധ തരത്തിലുള്ള കുറ്റകെട്ടുകൾ മുഖേന അക്രമിക്കുന്ന രക്തദാഹികളായ ചെന്നായ്ക്കളാണ്. ഇവരുടെ കരങ്ങളാൽ കള്ള ഫത്‌വകൾ എഴുതുന്നു. ഒന്നുരണ്ട് ദിർഹം ഇവരുടെ വിശ്വാസത്തെ തകർക്കാൻ മതിയായതാണ്. ജനങ്ങളെ സത്യം സ്വീകരിക്കുന്നതിൽ നിന്നും തടയുന്നു. ശൈത്ത്വാനെപ്പോലെ വസ്‌വസ ഇടുന്നു. ഇവരുടെ അഹങ്കാരം വളരെയധികം വർദ്ധിച്ചിരിക്കുന്നു. ബുദ്ധി ഇല്ലാതായിരിക്കുന്നു. ഒരു നല്ല കാര്യംപോലും പറയാൻ ശേഷിയില്ലാത്തവരായി മാറിയിരിക്കുന്നു. സംശയങ്ങൾക്കും സന്ദേഹങ്ങൾക്കും വളരാൻ ഇടം നൽകുന്നു. മിണ്ടാതിരിക്കുന്നത് നിർബന്ധകാര്യങ്ങൾ ചെയ്യാതിരിക്കാനാണ്. സംസാരിക്കുമ്പോൾ ഒരു വിധ സ്വാധീനവും അതിൽ ഇല്ല. ശരീഅത്തിലെ ബുദ്ധിമുട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ അൽപം പോലും ശ്രദ്ധ ഇവർക്കില്ല. മതത്തിലെ ആത്മജ്ഞാനത്തിന്റെ ഉള്ളറകളെക്കുറിച്ച് ഇവർക്ക് ഒരറിവുമില്ല. ഈസാ عليه السلام ന്റെ മരണത്തെക്കുറിച്ചുള്ള വിശ്വാസം വളരെ വ്യക്തമാണ്.എന്നാൽ ഇസ്‌ലാമിന്റെ വിജയം ഇവർക്കൊരു പ്രശ്നമേ ഇല്ല.'' ''ദൈവത്തിന്റെ ഭാഗത്തുനിന്ന് അവർക്ക് ലഭിച്ചത് വെറും ഒച്ചപ്പാട് മാത്രമാണ്. ഖുർആൻ അവർ വായിക്കുന്നു. വെറും നാവ്കൊണ്ട്. അവരുടെ ഹൃദയത്തിൽ ഖുർആൻ ഒന്ന് എത്തിനോക്കിയിട്ടുപോലുമില്ല. ഇവരിൽ അശ്രദ്ധയും അലസതയും വളരെ വർദ്ധിച്ചിരിക്കുന്നു. ബുദ്ധിവൈഭവവും ആത്മജ്ഞാനവും കുറഞ്ഞിരിക്കുന്നു. പ്രയാസകരമായ കാര്യങ്ങൾ പരിഹരിക്കാനുള്ള ത്രാണി ഇവർക്കില്ല. ശരീരേച്ഛകളിൽ ഉൻമത്തരും ലൗകികസുഖാഢംബരങ്ങളിൽ കീഴ്പ്പെട്ടവരുമായി നീ അവരെ കാണുന്നു.''

''റഹ്‌മാനായ അല്ലാഹുവിന്റെ കടമകൾ അവർ മറന്നിരിക്കുന്നു. ഈ അവസ്ഥയിൽ ഇവർ ദീനിനെ സഹായിക്കും എന്ന് നമുക്കെങ്ങിനെ പ്രതീക്ഷിക്കാൻ കഴിയും. വിദ്വേഷം അവരെ വന്യമൃഗങ്ങളെപ്പോലെയാക്കി. സദ്പ്രവൃത്തികളിൽ നിന്നും അവരെ തടഞ്ഞിരിക്കുന്നു. ഇവരുടെ ദീൻ അസൂയയും സ്വേച്ഛയെ പിൻപറ്റലും തീറ്റയും കുടിയും ധനം സ്വരുക്കൂട്ടലുമായിക്കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമിന്റെ ഈ ദുർഘടസന്ധിയിൽ അവർ ദുഃഖിക്കുന്നില്ല. വിലപിക്കുന്നുമില്ല.'' (കരയുന്നുണ്ടെങ്കിൽ തന്നെ മുതലക്കണ്ണീർ മാത്രമാണ്.) ''അവരുടെ രാജാക്കന്മാരെ കാണുമ്പോൾ തന്നെ അവർ വിറകൊള്ളുന്നു. എന്നാൽ പ്രതാപവാനും ആദരണീയനുമായ അല്ലാഹുവിനെ അൽപംപോലും ഭയക്കുന്നില്ല. വഴികേടും അന്ധകാരവും വ്യാപിക്കുന്നതിലും ആപത്തുകൾ ഇറങ്ങുന്നതിലും ഇവർക്കൊരു ഭയവുമില്ല. ജിഹാദിന്റെ പേരിൽ അജ്ഞരായ ആളുകളെ മറ്റുള്ളവരുടെ കഴുത്തറുക്കാൻ ഇവരിൽ ഒരു വിഭാഗം പ്രേരിപ്പിക്കുന്നു. അങ്ങനെ അവർ അപചരിതരും വഴിപോക്കരുമായ ഓരോരുത്തരുടെയും കഴുത്തറുക്കുന്നു. തഹ്‌വ സ്വീകരിക്കുന്നില്ല.''

ചില പേജുകളിൽ നിന്നുള്ള ഉദ്ധരണികളാണ് ഞാൻ കേൾപ്പിച്ചത്. ഈ കാര്യങ്ങളെല്ലാം പറഞ്ഞിട്ട് ഇന്നേക്ക് 100 വർഷം കഴിഞ്ഞു. മുസ്‌ലിംകളുടെ അവസ്ഥ ഇന്നും ഇതുപോലെയാണ്. ഇതെല്ലാം അദ്ദേഹത്തിന്റെ വാക്കുകൾ സത്യമാണെന്നതിലേക്കുള്ള തെളിവുകളാണ്. അല്ലാഹു അറിയിച്ചതനുസരിച്ച് അദ്ദേഹം അത് വിവരിച്ചു.

ഇതിനുള്ള പരിഹാരം അദ്ദേഹം ഈ ഗ്രന്ഥത്തിൽതന്നെ പറയുന്നുണ്ട്. പറയുന്നു. ''ഈ എല്ലാ കക്ഷികളെയും ഉപേക്ഷിക്കുക, എന്നിട്ട് അല്ലാഹു ഇതിനുള്ള വല്ല പരിഹാരവും ഇറക്കിയിട്ടുണ്ടോ എന്ന് അന്വേഷിക്കുക. ഓർക്കുക. ഈ ഫിത്നകൾക്കുള്ള പരിഹാരം ആകാശത്തുണ്ട്. ജനങ്ങളുടെ കൈകളിലല്ല. വിശുദ്ധ ഖുർആനിൽ മുൻകാല ജനങ്ങളുടെ ചരിത്രം ഉണ്ട്. അത് വായിച്ചു നോക്കൂ. അവരെക്കുറിച്ച് അല്ലാഹുവിന്റെ സുന്നത്ത് എന്തായിരുന്നു. അതുകൊണ്ട് ശേഷം വരുന്നവരെക്കുറിച്ച് അല്ലാഹുവിന്റെ സുന്നത്ത് എങ്ങനെ മാറ്റപ്പെടാനാണ്. ഇമാം വെളിപ്പെടേണ്ട കാലം ഇതാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലെ? വഴികേടും അജ്ഞതയും നിങ്ങൾ സ്വന്തം കണ്ണുകൾകൊണ്ട് കാണുന്നില്ലെ. ഇസ്‌ലാം അക്രമിക്കപ്പെടുന്നു. വിപത്തുകൾ ഒന്നൊഴിയാതെ വരുന്നു. അങ്ങനെ അന്ധകാരത്തിന്റെ അതിപ്രസരം ഉള്ളപ്പോൾ നിങ്ങളുടെ ഇടയിൽ ഒരു ദീനിസേവകനെ നിങ്ങൾ കാണുന്നില്ലെ. ജനങ്ങൾ അല്ലാഹുവിന്റെ ഉപദേശങ്ങളും വിശുദ്ധ ഖുർആന്റെ പാഠങ്ങളും മറന്നിരിക്കുന്നു. ഹദീസുകളിൽ വന്നതെല്ലാം നിഷേധിക്കുകയും ചെയ്തിരിക്കുന്നു. പല തെറ്റായ വിശ്വാസങ്ങളിലും ക്രിസ്ത്യാനികളോട് സമന്മാരായിരിക്കുന്നു. അവർക്ക് അവരുടെ ഭക്ഷണപാനീയങ്ങളിലും ലൗകിക സുഖാഢംഭരങ്ങളിലുമല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തയില്ല. ഇവരിൽ നിന്നും ദീനിന്റെ സംസ്ക്കരണം പ്രതീക്ഷിക്കാമോ?''

ഈസാ عليه السلام മാത്രമാണ് ശൈത്ത്വാന്റെ സ്പർശനത്തിൽ നിന്ന് മുക്തനായിട്ടുള്ളതെന്ന് ഇവർ പറയുന്നു. എന്നാൽ അല്ലാഹുവിന്റെ വചനം إِنَّ عِبَادِي لَيْسَ لَكَ عَلَيْهِمْ سُلْطَانٌ എന്ന് മറന്നിരിക്കുന്നു.

നബി ﷺ നിഷ്കളങ്കനും ശൈത്ത്വാന്റെ സ്പർശനത്തിൽ നിന്നും മുക്തനുമല്ലെ? ഇന്ന് ഈസാനബി عليه السلام ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസം ഏറ്റവും അപകടകരമായിട്ടുള്ളതാണ്. ഈ വിശ്വാസം മുഖേന ക്രിസ്ത്യാനികളെ നിങ്ങൾ സഹായിക്കുകയാണ് ചെയ്യുന്നത്.

ഈ കാലഘട്ടത്തെക്കുറിച്ച് നിങ്ങൾ ഓർക്കുക. ഉമ്മത്ത് വിവിധ ഗ്രൂപ്പുകളായി വിഭജിച്ചിരിക്കുന്നു. റഹ്‌മാനായ അല്ലാഹുവിന്റെ സഹായമില്ലാതെ ഇവർ ഒന്നിക്കുക പ്രയാസം. ഓരോരുത്തരും പരസ്പരം കാഫിറാക്കിയിരിക്കുകയാണ്. ഇപ്പോൾ സംവാദങ്ങൾക്ക് ശേഷം തർക്കങ്ങളും തമ്മിലടികളും പരസ്പരം പോരാടുന്ന അവസ്ഥവരെ എത്തിയിരിക്കുകയാണ്. ഇങ്ങിനെയുള്ള അവസ്ഥയിൽ ഭിന്നതയുടെ മഹാപർവ്വതത്തെ ഇവരുടെ ഇടയിൽ നിന്നും നീക്കി ഇവർ ഒന്നായി ഒറ്റക്കെട്ടായി ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരെ പോരാടാൻ മൈതാനത്ത് വരുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ? ഒരിക്കലും ഇത് സാധ്യമല്ല. (പാക്കിസ്ഥാനിൽ ഖത്‌മന്നുബുവ്വത്തിന്റെ ഒരു സമ്മേളനം നടത്താൻ തീരുമാനിച്ചു. അതിൽ എല്ലാ കക്ഷികളും ഉണ്ടായിരുന്നു. എന്നാൽ സമ്മേളനത്തിന് മുമ്പേ അവർക്കിടയിൽ ഭിന്നതയുണ്ടായി. അതിനുശേഷം മൂന്ന് വ്യത്യസ്ഥ സ്ഥലങ്ങളിൽ സമ്മേളനം നടത്താൻ തീരുമാനമായി. സമ്മേളനം നടത്തുന്ന ഒരു സ്ഥലത്ത് നിന്ന് പോലീസ് മറ്റൊരു സ്ഥലത്ത് അവരെ കൊണ്ടുപോയി. ഖത്‌മന്നുബുവ്വത്ത് എന്നത് ഇവരെ സംബന്ധിച്ച് അഹ്‌മദികൾക്കെതിരിൽ ഇവർക്ക് ഒന്നിക്കാനുള്ള ഒരു വിഷയമാണെന്നാണ്. എന്നാൽ ഇതിന്റെ പേരിൽ പോലും ഒന്നിക്കാൻ അവർക്കാകുന്നില്ല. ഒരേ പട്ടണത്തിൽ ഈ വിഷയത്തിൽതന്നെ മൂന്ന് സമ്മേളനങ്ങൾ നടക്കുന്നു. ഇതാണ് ഇവരുടെ അവസ്ഥ.

ഹദ്‌റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. നിങ്ങൾക്ക് ഇങ്ങിനെയുള്ള പ്രവർത്തി ചെയ്യാനുള്ള ശക്തി എവിടെനിന്ന് ലഭിക്കാൻ. ഇത് അല്ലാഹുവിന്റെ പ്രവർത്തിയാണ്. അല്ലാഹു ഈ ഭിന്നതയിൽ കഴിയുന്നവരെ ആകാശത്തുനിന്നുള്ള സൂർ ഊതിക്കൊണ്ട് ഒന്നിപ്പിക്കുന്നതാണ്. യഥാർത്ഥത്തിലുള്ള സൂർ കാഹളം ഹദ്‌റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഹൃദയത്തിലാണ് ഊതപ്പെടുക. ജനങ്ങൾ ഒരു കലിമയിൽ

ഒന്നിക്കുന്നതാണ്. ഇതാണ് അല്ലാഹുവിന്റെ സുന്നത്ത്. അവർ ഏതൊരു സമൂഹത്തിന്റെ പരിഷ്ക്കരണമാണോ ആഗ്രഹിക്കുന്നത് അവരിൽ നിന്നുള്ള ഒരാളെ എഴുന്നേൽപ്പിക്കുന്നു.

പറയുന്നു. "എന്നാൽ ഈ പരിഹാരം ഉലമാക്കൾക്കും ജനങ്ങൾക്കും ഇഷ്ടമില്ല. അല്ലാഹു മൂസവീ പ്രസ്ഥാനത്തെ മുഹമ്മദീ പ്രസ്ഥാനവുമായി താരതമ്യം ചെയ്തിരിക്കുന്നു. യഹൂദികൾ മൂസാ عليه السلام മിൽ വിശ്വസിച്ചതിനുശേഷം വഴികേടിലാക്കുകയും ഒരു കാലം കഴിഞ്ഞപ്പോൾ അല്ലാഹു ഈസാ عليه السلام നെ അല്ലാഹു അയക്കുകയും ചെയ്തു. അതേപോലെ മുസ്‌ലിം ഉമ്മത്തിലും ഇതേകാലം കഴിഞ്ഞപ്പോൾ വാഗ്ദത്ത മസീഹിനെ അയക്കുകയുണ്ടായി. ഇത് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തേണ്ട കാലമാണ്. ഈ അനുഗ്രഹത്തെ നിഷേധിക്കേണ്ട സമയമല്ലിത്. മുസ്‌ലിംകൾ ഈ സുവാർത്തയെ ദാഹിച്ചു പരവശരായവർ സ്വീകരിക്കുന്നതു പോലെ സ്വീകരിക്കേണ്ടതായിരുന്നു. ഇതിനെ അല്ലാഹുവിന്റെ വലിയൊരനുഗ്രഹമായി കരുതേണ്ടതായിരുന്നു. എന്നാൽ അവർ ഖുർആനെ വിട്ട്കൊണ്ട് ജനങ്ങളുടെ കാര്യങ്ങളാണ് കേൾക്കുന്നത്. യഹൂദികൾ ഈസയെ നിഷേധിച്ചതുപോലെ ഇവർ മസീഹ് മൗഊദ് عليه السلام നെ നിഷേധിക്കുന്നവരായികൊണ്ട് അനുസരണക്കേടിലും ഇരു സമുദായവും ഒന്നിക്കുകയുണ്ടായി.

*അല്ലാഹു മുസ്‌ലിം ഉമ്മത്തിന് യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള തൗഫീഖ് നൽകട്ടെ. ഇക്കാലത്ത് മുസ്‌ലിംകളെ ഒരു കയ്യിൽ ഒരുമിച്ചു കൂട്ടുന്ന വ്യക്തിത്വം വാഗ്ദത്ത മസീഹാണെന്നും അദ്ദേഹം വന്നിരിക്കുന്നുവെന്നും അവർ അറിയട്ടെ. മുസ്‌ലിം നാടുകളിലെ അവസ്ഥ, ലോകത്ത് വരുന്ന വിപത്തുകൾ, പ്രകൃതി ക്ഷോഭങ്ങൾ ഇതെല്ലാം തന്നെ ഇക്കാലത്ത് അല്ലാഹു അയക്കുമെന്ന് പറഞ്ഞ വ്യക്തി വന്നിരിക്കുന്നു എന്ന് മുസ്‌ലിംകൾക്ക് ബോധ്യപ്പെത്തുന്നതാകട്ടെ. അങ്ങനെ അവർക്ക് ഇത് സ്വീകരിക്കാനുള്ള തൗഫീഖ് ലഭിക്കുമാകട്ടെ. ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഇസ്‌ലാമിന്ന് ദുശ്പേരുണ്ടാക്കാനുള്ള കുത്സിത ശ്രമങ്ങൾ പരാജയപ്പെടുത്താൻ ഈ അല്ലാഹുവിന്റെ ഫയൽമാനുമായി ചേർന്നുകൊണ്ട് ഈ ജിഹാദിൽ പങ്കാളികളാകാൻ കഴിയട്ടെ.* അമേരിക്കയിലും യൂറോപ്പിലും വിവിധ ആളുകൾ ഇസ്‌ലാമിന്നെതിരിൽ വരുന്നുണ്ട്. അവർ റസൂൽ صلى الله عليه وسلم ക്കെതിരിൽ നിന്ദ്യമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നു, അവഹേളിക്കുന്നു. വിശുദ്ധ ഖുർആനെ അവർ അപമതിക്കുന്നു. ഇവർക്കെതിരിൽ ഇക്കാലത്ത് ജിഹാദ് ചെയ്യുന്നവരുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ ഈ ഫയൽമാനാണ്. അദ്ദേഹത്തോടൊപ്പം ചേർന്നുകൊണ്ട് നമുക്ക് ലോകത്ത് ഇസ്‌ലാമിന്റെ മഹത്വം സ്ഥാപിക്കാൻ കഴിയുന്നതാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനം മറ്റു മതഗ്രന്ഥങ്ങളിൽ നിന്നെല്ലാം തികവുറ്റതാണെന്ന് സ്ഥാപിക്കാൻ കഴിയുന്നതാണ്. *ഇദ്ദേഹത്തോടൊപ്പം ചേർന്നുകൊണ്ടാണ് നമുക്ക് തിരുനബിയുടെ മഹത്വവും അഭിമാനവും സംരക്ഷിച്ചുകൊണ്ട് ആ മഹാത്മാവന്റെ ഉന്നത വ്യക്തിത്വം ലോകത്തിന് മുമ്പാകെ പ്രകടമാക്കാൻ കഴിയുകയുള്ളൂ. അല്ലാഹു അതിനുള്ള തൗഫീഖ് നമുക്ക് നൽകുമാറാകട്ടെ.*

**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V ايده الله تعالىٰ بنصره العزيز
on 15- 04- 2011 at London

വിവർത്തനം
**എം. നാസിർ അഹ്മദ് സാഹിബ് കൊടിയത്തൂർ**
മുബല്ലിഗ് എറണാകുളം, **PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by: **Majlis Khuddamul Ahmadiyya, North Kerala**